# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണമ്പൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി 9/1260/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 13/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണമ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി 9/1260/23 തീയ്യതി: 13/10/2023

## തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 06-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 51 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 45 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 07-08-2023 | 17-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-08-2023 | 17-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീ. സജേഷ്.ആർ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അൻവർരാജ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രശ്മി.ആർ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. സജു.ജി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എ.നഹാസ്. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ശ്രീലേഖ.എൽ.എച്ച്. | സെക്രട്ടറി | 01-04-2022 | 10-10-2022 |
| ശ്രീ. ബിനു.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-10-2022 | 25-10-2022 |
| ശ്രീ. ബിജുകുമാർ.എം. | സെക്രട്ടറി | 26-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽ.സി.എസ്. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ആഷ.എസ്.ജെ. | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. അനിൽകുമാർ.പി. | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി. | 01-04-2022 | 03-06-2022 |
| ഡോ. ഷാംജി വോയ്സ് | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി. | 04-06-2022 | 31-03-2023 |
| ഡോ.രശ്മി.ആർ.ജെ. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2022 | 21-06-2022 |
| ഡോ. അഗസ്റ്റിൻ ഫിഡാലിസ്.ഇ. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 22-06-2022 | 31-03-2023 |
| ശ്രീ. അഭിലാഷ് ദിവാകരൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 01-04-2022 | 08-06-2022 |
| ശ്രീമതി വീണ.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 09-06-2022 | 26-07-2022 |
| ശ്രീമതി ഷഹിന ഫാത്തിമ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 27-07-2022 | 31-03-2023 |
| ശ്രീ. ഷാനവാസ്.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 01-04-2022 | 05-05-2022 |

| | | | |
|---|---|---|---|
| ശ്രീ. അഭിലാഷ് ദിവാകരൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 06-05-2022 | 25-05-2022 |
| ശ്രീമതി വീണ.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 26-05-2022 | 31-03-2023 |
| ശ്രീമതി ബിനു.ആർ.ബി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 03-01-2023 |
| ശ്രീമതി മേരി ഷൈനി.ടി.കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 04-01-2023 | 31-03-2023 |
| ശ്രീ. ഉണ്ണികൃഷ്ണൻ നായർ.കെ. | എച്ച്.എം. | 01-04-2022 | 31-05-2022 |
| ശ്രീ. രാജൻ.സി.ഐ. | എച്ച്.എം. | 01-06-2022 | 07-07-2022 |
| ശ്രീമതി ഉഷ.സി.ആർ. | എച്ച്.എം. | 08-07-2022 | 31-03-2023 |
| ശ്രീമതി ഫെബിന.എച്ച്. | അസിസ്റ്റൻ്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ബീന.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 02-01-2023 |
| ശ്രീ. കൃഷ്ണകുമാർ.ടി.ജെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-01-2023 | 31-03-2023 |
| ശ്രീ. ബിനു.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-2 |
| 4 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല | 1-1-3 |
| 5 | ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല | 1-1-4 |
| 6 | ബാധ്യത ഹെഡിലെ തുകകൾ അതാത് ഫണ്ടുകളിലേയ്ക്ക് തിരികെ അടവാക്കുന്നില്ല | 1-1-5 |
| 7 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക “Capital Contribution” ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-6 |
| 8 | 2022-23 വർഷം ആരംഭിച്ച വിവിധ അക്കൗണ്ടുകളുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-8 |
| 10 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല. | 1-1-9 |
| 11 | വസ്തു നികുതി ഡിമാന്റ് കളക്ഷൻ, ബാലൻസ് - വാർഷിക കണക്കുകളും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല | 1-1-11 |
| 13 | സ്റ്റോക്ക് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കുന്നില്ല. | 1-1-12 |
| 14 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിലുള്ള രേഖകൾ ILGMS – ൽ ഉൾപ്പെടുത്തുന്നില്ല | 1-1-13 |
| 15 | ഓഡിറ്റ് റിക്കവറിയായി ലഭിച്ച തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കുകയോ ബാധ്യതയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | ബജറ്റ് - അപാകങ്ങൾ | 1-2-1 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 21 | പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-4-2 |

| | | |
|---|---|---|
| 22 | റോഡ് റീസ്റ്റോറേഷനായി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-4-3 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | ക്ഷേമ പദ്ധതികൾ | 1-6 |
| 25 | ക്യാഷ് പരിശോധന | 1-7 |
| 26 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 27 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 28 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 29 | വസ്തു നികുതി പരിഷ്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-11 |
| 30 | പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ് | 1-12 |
| 31 | ഒറ്റത്തവണ കെട്ടിട നികുതി - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-13 |
| 32 | ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുക്കുന്നു | 1-14 |
| 33 | പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി ഈടാക്കുകയോ ചെയ്യുന്നില്ല | 1-15 |
| 34 | തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-16 |
| 35 | റേഷൻകടകൾ ലൈസൻസില്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു. | 1-17 |
| 36 | നിയമാനുസൃത സമയപരിധിക്കുള്ളിൽ തൊഴിൽ നികുതി അടവാക്കാത്തവരിൽ നിന്നും പിഴപ്പലിശ ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 1-18 |
| 37 | നികുതി / നികുതിയേതര വരവുകൾ - അവലോകനം | 1-19 |
| 38 | സ്വകാര്യമാർക്കറ്റ് - ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകം | 1-20 |
| 39 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-21 |
| 40 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിലുള്ള അപാകം | 1-22 |
| 41 | ഗ്രാമസഭ സംഘാടനത്തിൽ പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കേണ്ടതാണ്. | 1-23 |
| 42 | പരിസ്ഥിതി സംരക്ഷണത്തിന് നടപടികളുണ്ടാകണം | 1-24 |
| 43 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല- 3660 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 44 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല -21,81,149/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 45 | ഉപയോഗശൂന്യമായ പൊതുടാപ്പുകൾക്ക് കുടിവെള്ളക്കരം ഒടുക്ക് വരുത്തുന്നു | 1-27 |
| 46 | മറ്റൊരാളുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിൽ വ്യക്തിഗത ടോയിലറ്റ് നിർമ്മാണത്തിന് ധനസഹായം നൽകി | 1-28 |

| | | |
|---|---|---|
| 47 | പാഥേയം - തുക ചെലവഴിക്കാതെ തിരിച്ചടച്ചു | 1-29 |
| 48 | ശമ്പള പരിഷ്കരണം - ശമ്പള നിർണയത്തിന് ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. | 1-30 |
| 49 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണമായും ലഭ്യമായില്ല | 1-31 |
| 50 | ആസ്തി സംരക്ഷണ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. | 1-32 |
| 51 | അങ്കണവാടി മെയിന്റനൻസ് - കരാറുകാരന്റെ മരണം പ്രവൃത്തി ഉപേക്ഷിക്കുന്നതിന് കാരണമായി. | 1-33 |
| 52 | കശുമാവ് വികസനം - മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചതിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി | 1-34 |
| 53 | ഹരിത ഭവനം- പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല | 1-35 |
| 54 | ലൈഫ് ഭവന പദ്ധതി-ഗുണഭോക്താക്കൾ വീട് പൂർത്തീകരിച്ചിട്ടില്ല. | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15.07.2023 ലെ 10(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 25.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മണമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മണമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപെട്ട വിവിധ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഭാവിയിൽ അപാകം ഒഴിവാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (02/08.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-1-2 തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.

തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. പ്രസ്തുത സൗകര്യം ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലാത്തതിനാലാണ് തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിക്കാത്തതെന്ന് ഓഡിറ്റ്

അന്വേഷണക്കുറിപ്പിന് (02/08.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-3 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നതിനുള്ള ക്രമീകരണം ILGMS സോഫ്റ്റ്‌വെയറിൽ ഇല്ലായെന്നും പ്രസ്തുത ക്രമീകരണം ഉൾപ്പെടുത്തുന്ന മുറയ്ക്ക് അപാകം പരിഹരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (02/08.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-4 ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Assets ന്റെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ മുൻ വർഷം (2021-22) വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | ഹെഡ് കോഡ് (2021-2022) | ഹെഡ് കോഡ് (2022-2023) | ഇനം |
|---|---|---|---|
| 1 | 411300101 | 416100102 | Accumulated Depreciation-Roads & Bridges |
| 2 | 411310101 | 416100103 | Accumulated Depreciation-Sewerage & Drainage |
| 3 | 411320101 | 416100104 | Accumulated Depreciation-Waterways |
| 4 | 411330101 | 416100105 | Accumulated Depreciation-Public Lighting |
| 5 | 411400101 | 416100106 | Accumulated Depreciation-plant And Machinery |
| 6 | 41800101 | 416100110 | Accumulated Depreciation- Other Fixed Assets |

ഡിപ്രീസിയേഷൻ എന്നത് സാങ്കല്പിക ചെലവായതിനാലും റോഡ്, പാലങ്ങൾ, പൊതു ലൈറ്റിംഗ് എന്നീ ഇനങ്ങളിൽ ഡിപ്രീസിയേഷൻ അധികമായി രേഖപ്പെടുത്തുന്നതിന്റെ ഫലമായി Income And Expenditure Deficit ആയി പ്രതിഫലിക്കുന്നതിനാലുമാണ് പട്ടികയിലെ ഇനങ്ങൾക്ക് തൻവർഷം ഡിപ്രീസിയേഷൻ കണക്കാക്കാത്തതെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (02/08.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫിക്സഡ് അസറ്റുകൾക്ക് നിശ്ചിത നിരക്കിനുള്ള ഡിപ്രീസിയേഷൻ നൽകേണ്ടതാണ്.

## 1-1-5 ബാധ്യത ഹെഡിലെ തുകകൾ അതാത് ഫണ്ടുകളിലേയ്ക്ക് തിരികെ അടവാക്കുന്നില്ല

എ) വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭ്യമായ തുക വികസന ഫണ്ടിലേയ്ക്ക് തിരികെ അടവാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ഹെഡ് കോഡ് 350400999 Refund Of Unutilised -Prior Period ഇനത്തിൽ 18280/- രൂപ നിലനിർത്തിയിട്ടുണ്ട്. ലെഡ്ജർ പരിശോധനയിൽ അങ്കണവാടി പൈപ്പ് ലൈൻ പ്രോജക്ടിന്റെ ബാലൻസ് തുകയായി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായതാണ് പ്രസ്തുത തുകയെന്ന് വ്യക്തമായിട്ടുണ്ട്. ടി തുക ഏത് ഫണ്ടിനത്തിൽ പെട്ടതാണെന്നും ബന്ധപ്പെട്ട ഹെഡിൽ ഒടുക്കാതെ പ്രസ്തുത തുക ബാധ്യതയായി നിലനിർത്തിയതിന്റെ കാരണവും വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (02/08.08.2023) ടി തുക വികസന ഫണ്ട് സാധാരണ വിഹിതത്തിൽ പെട്ടതാണെന്നും പ്രസ്തുത തുക 2023-24 സാമ്പത്തിക വർഷം തിരികെ അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക തിരികെ അടവാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ബി) Government And Other Dues Payable - Others (ഹെഡ് കോഡ് - 350300199) – 1035241/- രൂപ നിലനിൽക്കുന്നു

വാട്ടർ അതോറിറ്റിയിൽ നിന്നും മുൻവർഷങ്ങളിൽ നിന്നും ലഭ്യമായ 703664/- യും, തൻവർഷം വിനിയോഗ ശേഷം തിരികെ ലഭ്യമായ 331577/- രൂപയും (ചെക്ക് നം. 007744/19.4.2022 തുക 42403 + ചെക്ക് നം. 017903 /27-05-2022 തുക 289,174/-) കൂടി ഉൾപ്പെട്ട തുകയാണിത്. പ്രസ്തുത തുക അടിയന്തിരമായി ബന്ധപ്പെട്ട ഹെഡിൽ തിരികെ ഒടുക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (38/14.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ അടവാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-1-6 ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക “Capital Contribution” ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിച്ച് ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുകകൾക്ക് തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. പകരം പ്രസ്തുത ചെലവുകൾ റവന്യൂ ചെലവുകളായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|
| 42/23, കുളമുട്ടം എൽ.പി.എസിന് ടോയ്‌ലെറ്റ് നിർമ്മാണം | 188491 |
| 10/23, എം.സി.എഫ് നിർമ്മാണം | 426995 |

ഭാവിയിൽ അപാകം ഒഴിവാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (02/08.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുകകൾക്ക് തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-1-7 2022-23 വർഷം ആരംഭിച്ച വിവിധ അക്കൗണ്ടുകളുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

21/03/2022 ലെ 7(1) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് കൈകാര്യം ചെയ്യുന്നതിനായി 3 അക്കൗണ്ടുകൾ കാനറാ ബാങ്കിൽ തുടങ്ങുന്നതിന് തീരുമാനമായിരുന്നു. എന്നാൽ 2 അക്കൗണ്ടുകളുടെ വിവരങ്ങൾ മാത്രമാണ് RP – 40(b) ഷെഡ്യൂളിലും ബാലൻസ് ഷീറ്റ് B- 17 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. മൂന്നാമത്തെ അക്കൗണ്ടിൽ വരവ് ചെലവ് ഇല്ലാത്തതിനാലാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താത്തതെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/09.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

21/03/2022 ലെ 7(2) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം വാതിൽപ്പടി സേവനത്തിനായി പ്രസിഡന്റ്, സീനിയർ ക്ലർക്ക് അംബി എന്നിവരുടെ പേരിൽ കേരള ബാങ്കിൽ 25/04/2022 -ന് ഒരു സംയുക്ത അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 25.04.2022 മുതൽ 31.03.2023 വരെയുള്ള തീയതികളിൽ 22439/- വരവ് ലഭിച്ചിട്ടുണ്ട്. വാതിൽപ്പടി സേവനത്തിനായി പ്രത്യേകമായി രസീത് ബുക്ക് പരിപാലിക്കുകയും ആയത് മുഖേന നേരിട്ട് അക്കൗണ്ടിലേയ്ക്ക് അടവാക്കുന്ന രീതിയുമാണ് തുടർന്നു വരുന്നത്. വരവ് സാംഖ്യ രസീത് മുഖേന പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. പ്രസ്തുത അക്കൗണ്ട് RP – 40(b) ഷെഡ്യൂളിലും ബാലൻസ് ഷീറ്റ് B- 17 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടില്ല. വാതിൽപ്പടി സേവനത്തിനായി ആരംഭിച്ച അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശമില്ലാത്തതിനാലാണ് ഉൾപ്പെടുത്താത്തതെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/09.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്തിൽ തൻവർഷം ആരംഭിച്ച മേൽ അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-8 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

ശ്രീ. ഷിറാസ്.എസ്, കോൺട്രാക്ടർ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയായി അടവാക്കിയ 2500/- രൂപ (രസീത് നമ്പർ 1220103443 തീയതി 20.03.2023) Receivables For Profession Tax – Professionals (Current) (ഹെഡ്കോഡ് - 431120103) എന്ന ശീർഷകത്തിൽ എടുക്കുന്നതിന് പകരം Receivables For Profession Tax – Institutions (Current) (ഹെഡ്കോഡ് - 431120101) എന്ന ഹെഡിലാണ് എടുത്തിട്ടുള്ളത്. പ്രസ്തുത എൻട്രി ജേണൽ മുഖേന തിരുത്തിയിട്ടില്ല. അപാകം ശ്രദ്ധയിൽപെടാത്തതിനാലാണ് ജേണൽ എൻട്രി മുഖേന തിരുത്താതിരുന്നതെന്നും ഭാവിയിൽ അപാകം ഒഴിവാക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (38/14.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

Receivables For Profession Tax – Professionals (Current) ഇനത്തിൽ ഉൾപ്പെടുത്തേണ്ട 2500/- രൂപ Receivables For Profession Tax – Institutions (Current) ആയി ഉൾപ്പെടുത്തിയതിനാൽ ടി തുക കൂടി ഉൾപ്പെടുത്തിയാണ് Profession Tax – Instituitions – ന്റെ ഡിമാന്റ് കണക്കാക്കിയിട്ടുള്ളത്. ഇത്തരത്തിൽ രസീത് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തുന്നത് മൂലം ഡിമാന്റ് തുകകൾ വ്യത്യാസപ്പെടുമെന്നതിനാൽ ഭാവിയിൽ തുക അതാത് ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-1-9 ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല.

2022-23 വർഷത്തെ ബാലൻസ് ഷീറ്റ് B-11(b) ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിലെ തുക "0" ആണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തി പാർട്ട് ബില്ലുകൾ നടത്തിയ ചുവടെ ചേർക്കുന്ന

പ്രോജക്ടുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര് | പാർട്ട് ബില്ലായി നൽകിയ തുക | ഫണ്ട് |
|---|---|---|---|
| 1 | വെട്ടുകാട് അങ്കണവാടി നിർമ്മാണം (S0165/23) | 398141 | തനത് ഫണ്ട് |
| 2 | ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് നിർമ്മാണം | 262929 | സി.എഫ്.സി (ടൈഡ്) |
| | ആകെ | 661070 | |

## 1-1-10 വസ്തു നികുതി ഡിമാന്റ് കളക്ഷൻ, ബാലൻസ് - വാർഷിക കണക്കുകളും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | സഞ്ചയ പ്രകാരം | | | | വാർഷിക കണക്കുകൾ പ്രകാരം | | | |
|---|---|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | വ്യത്യാസം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | വ്യത്യാസം |
| റസിഡൻഷ്യൽ (കറന്റ്) | 1603363 | 1600093 | 0 | 3270 | 1603363 | 1602322 | 0 | 1041 |
| നോൺ റസിഡൻഷ്യൽ (കറന്റ്) | 1662288 | 1659946 | 0 | 2342 | 1662288 | 1659946 | 0 | 2342 |
| റസിഡൻഷ്യൽ (അരിയർ) | 36514 | 36585 | 0 | (-71) | 0 | 36585 | 0 | (-)36585 |
| നോൺ റസിഡൻഷ്യൽ (അരിയർ) | 64532 | 65731 | 0 | (-)1199 | 0 | 65731 | 0 | (-65731) |

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ പോലുള്ള പ്രവർത്തനങ്ങൾ ഇടയ്ക്കിടെ നടക്കുന്നതിനാലാണ് സഞ്ചയയിലെയും വാർഷിക ധനകാര്യ പത്രികയിലെയും ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടാത്തതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-11 റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട Treasury -SGRY – (115) അക്കൗണ്ടിൽ 1402/- രൂപ നീക്കിയിരിപ്പുണ്ട്. 2021-22 സാമ്പത്തിക വർഷവും ഇതേ തുക നീക്കിയിരിപ്പായി നിലനിന്നിരുന്നു. പ്രസ്തുത അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുകയോ ആയത് ILGMS -ൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. പ്രസ്തുത അക്കൗണ്ട് നിലവിൽ ട്രഷറിയിൽ ലഭ്യമല്ലായെന്നും ആയതിനാലാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്തതെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (38/14.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നീക്കിയിരിപ്പായി അവശേഷിക്കുന്ന 1402/- സംബന്ധിച്ച് ട്രഷറിയുമായി കത്തിടപാട് നടത്തി ക്രമപ്പെടുത്തുന്നതിന് ഉചിത കമ്മിറ്റി തീരുമാനം എടുക്കേണ്ടതും അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ നിന്നും ഒഴിവാക്കണമെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-12 സ്റ്റോക്ക് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കുന്നില്ല.

സ്റ്റോക്ക് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയവ വരും വർഷങ്ങളിൽ കാലിമാക്കി സൂക്ഷിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (38/14.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-13 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിലുള്ള രേഖകൾ ILGMS – ൽ ഉൾപ്പെടുത്തുന്നില്ല

ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിലുള്ള രേഖകൾ ILGMS – ൽ ഉൾപ്പെടുത്തുന്നില്ല. ഉദാഹരണം - ഹെഡ് കോഡ് 190100101 Prior Period Income-Property Tax ലെഡ്ജറിലെ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ILGMS ൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (42/16.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-14 ഓഡിറ്റ് റിക്കവറിയായി ലഭിച്ച തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കുകയോ ബാധ്യതയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-28 പ്രകാരം വികസന ഫണ്ട് (എസ്.സ്.പി) ഉപയോഗിച്ച് നിർവഹിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (147/21) എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥയായ ഹെഡ് മാസ്റ്റർ തിരികെ അടവാക്കിയ 4693/- രൂപ ഇൻകം & എക്സ്പെൻഡിച്ചർ I- 9 ഷെഡ്യൂൾ ഹെഡ് കോഡ് 180400104 – Audit Recovery Based On Surcharge Certificate എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വികസന ഫണ്ട് ( എസ്.സി.പി) വിഹിതത്തിലേയ്ക്ക് തിരികെ അടവാക്കേണ്ട പ്രസ്തുത തുക തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു. പ്രസ്തുത തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് തിരികെ അടവാക്കാത്ത പക്ഷം ബാലൻസ് ഷീറ്റ് B- 9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തേണ്ടതാണെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 26.03.2022 | 10.03.2023 |
| ഭരണസമിതി തീരുമാനം | 1(1) | 3(1) |
| മുന്നിരിപ്പ് | 22574854 | 23455934 |
| പ്രതീക്ഷിത വരവ് | 339733000 | 381766159 |
| ആകെ | 362307854 | 405222093 |
| പ്രതീക്ഷിത ചെലവ് | 360027000 | 403196483 |
| നീക്കിയിരിപ്പ് | 2280854 | 2025610 |

## 1-2-1 ബജറ്റ് - അപാകങ്ങൾ

ബജറ്റ് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെങ്കിലും പ്രതീക്ഷിത കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വസ്തു നികുതി | 4400000 | 3265651 |
| തൊഴിൽ നികുതി | 1800000 | 1330910 |
| ലൈസൻസ് ഫീസ് | 460000 | 166140 |
| ഭരണ ചെലവുകൾ | 2273000 | 956881 |
| ഓപ്പറേഷൻ & മെയിന്റനൻസ് ചെലവുകൾ | 3070000 | 1459031 |

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (32/14.08.2023) മറുപടിയായി ഭാവിയിൽ അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 17313102 |
| ഓഡിറ്റ് വർഷത്തെ വരവ് | 73414355 |
| ആകെ | 90727457 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64695575 |
| നീക്കിയിരിപ്പ് | 26031882 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ

ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 158,335,656/- രൂപയും ചെലവ് 157,556,062/- രൂപയുമാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18691751 | 18691751 | 19642642 | -950891 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7685169 | 7685169 | 8025331 | -340162 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 7343186 | 7343186 | 5340587 | 2002599 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 3782284 | 3782284 | 3741352 | 40932 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 12404000 | 12404000 | 11787978 | 616022 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5863000 | 5863000 | 4776169 | 1086831 |
| CSS | 0 | 0 | 0 | 41322 | -41322 |
| Sss | 0 | 0 | 0 | 1572700 | -1572700 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിന് ലഭ്യമായ ഗ്രാന്റുകളുടെ വിനിയോഗത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ ചെലവ് വ്യത്യാസപ്പെട്ടിരിക്കുന്നു.

1. വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 18691751 | 21237000 * |
| ചെലവ് | 19642642 | 19642642 ** |
| നീക്കിയിരിപ്പ് | -950891 | 1594358 |

2. വികസന ഫണ്ട് (എസ്.സി.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 7685169 | 8426000* |
| ചെലവ് | 8025331 | 8025331 ** |
| നീക്കിയിരിപ്പ് | -340162 | 400669 |

* ബജറ്റ് അലോക്കേഷൻ അനുബന്ധം 2 പ്രകാരമുള്ള തുക

** വാർഷിക ധനകാര്യ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള തുക

പ്രസ്തുത അപാകം പരിഹരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തുടർ വർഷങ്ങളിൽ തയ്യാറാക്കേണ്ടതാണ്.

ബി) ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യപത്രിക എന്നിവ പ്രകാരമുള്ള ചെലവുകൾ പൊരുത്തപ്പെടുന്നില്ല.

| | എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് |
|---|---|---|

| | | |
|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 5340587 | 5344503 |

പ്രോജക്ട് നമ്പർ S0099/23 – അംഗനവാടി ടോയ്‌ലെറ്റ് മെയിന്റനൻസ് പ്രോജക്റ്റിൽ റിക്കവറി ആയി ഒടുക്കിയ 3916/- രൂപ വെബ് സാംഖ്യയിൽ റിക്വസ്റ്റ് എടുക്കാത്തതിനാലാണ് സുലേഖയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ചെലവ് ആകാതിരുന്നതെന്നും ആയതാണ് വ്യത്യാസത്തിന് കാരണമായതെന്നും വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 38/ 14.08.2023).

സി) സ.ഉ (കൈ) നം. 84/2022 / ത.സ്വ.ഭ.വ തീയതി 19.04.2022 ഉത്തരവ് ഖ.6.1 പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതമായി സംസ്ഥാന ബജറ്റ് അലോക്കേഷൻ പ്രകാരം ലഭിക്കുന്ന തുക പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്കായി വിവിധ പദ്ധതികൾ തയ്യാറാക്കേണ്ടതും പ്രസ്തുത വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, പഞ്ചായത്തിൽ ബജറ്റ് അലോക്കേഷൻ പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതമായി വകയിരുത്തിയ 8426000/- രൂപയിൽ 8025331/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (ചെലവ് - 95%). ഫണ്ട് ലഭിക്കാനുള്ള കാലതാമസം മൂലമാണ് പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതിരുന്നതെന്നും എസ്.സി.പി ഫണ്ട് വകയിരുത്തിയ 2022-23 സാമ്പത്തിക വർഷത്തെ പദ്ധതികൾ 2023-24 സാമ്പത്തിക വർഷം സ്പിൽ ഓവറായി ഏറ്റെടുത്തു പൂർത്തീകരിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഡി) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് "0" യും നീക്കിയിരിപ്പ് നെഗറ്റീവുമായാണ് കാണിച്ചിട്ടുള്ളത്.

ഇ) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 7169513 | 5755315 | 80.27 |
| | പട്ടിക ജാതി | 705600 | 354900 | 50.3 |
| സേവനം | പൊതുവിഭാഗം | 44871045 | 29335041 | 65.38 |
| | പട്ടിക ജാതി | 18971931 | 10560431 | 55.66 |
| പശ്ചാത്തലം | പൊതുവിഭാഗം | 37945517 | 24201648 | 63.78 |

ഫണ്ട് ലഭിക്കാനുള്ള കാലതാമസം മൂലമാണ് പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതിരുന്നതെന്നും നിർവഹണം പൂർത്തിയായതും ബിൽ നൽകാത്തതുമായ പദ്ധതികൾ സ്പിൽ ഓവറായി ഏറ്റെടുത്തു പൂർത്തീകരിച്ചു വരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എഫ്) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 2969500 | 2459409 | 82.82 |
| കുട്ടികൾ | 1834094 | 1712111 | 93.35 |
| വൃദ്ധർ | 1017700 | 598450 | 58.8 |
| ഭിന്നശേഷിയുള്ളവർ | 345000 | 124200 | 36 |

| | | | |
|---|---|---|---|
| പാലിയേറ്റീവ് കെയർ രോഗികൾ | 264000 | 0 | 0 |
| യുവജനങ്ങൾ | 120000 | 74296 | 61.91 |

ഫണ്ട് ലഭിക്കാനുണ്ടായ കാലതാമസമാണ് അപാകത്തിന് കാരണമായി വിശദീകരിച്ചിട്ടുള്ളത്. എന്നാൽ, പാലിയേറ്റീവ് കെയർ രോഗികൾക്കായി വകയിരുത്തിയ പ്രോജക്ടുകൾ പ്രകാരമുള്ള തുക ചെലവഴിക്കാത്തത് ഉചിതമായില്ല. കൂടാതെ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, യുവജനങ്ങൾ എന്നീ വിഭാഗങ്ങൾക്കായി വകയിരുത്തിയ പ്രോജക്ടുകളുടെ ചെലവ് ശതമാനവും വളരെ കുറവാണ്. വിവിധ വിഭാഗങ്ങൾക്കായി വകയിരുത്തുന്ന തുകകൾ പൂർണമായും ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(അവലംബം ഓഡിറ്റ് അന്വേഷണക്കുറിപ്പ് 30/14.08.2023 ന്റെ മറുപടി).

## 1-4-2 പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക | മറുപടി (അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 02/08.08.2023 ന്റെ മറുപടി) | ഓഡിറ്റ് നിർദ്ദേശങ്ങൾ |
|---|---|---|---|---|
| 320100180 | Swarnajayanthi Grama Swarozgar Yojna (SGSY) - Minorities | 1402 | Swarnajayanthi Grama Swarozgar Yojna പദ്ധതി നിലവിലുണ്ടായിരുന്നപ്പോൾ ചെലവഴിച്ച തുകയിൽ അവശേഷിക്കുന്ന തുക. തുക തിരികെ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. | തുക തിരികെ അടവാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. |
| 320100191 | Nirmal Puraskar | 38158 | ടി തുക 2023-2024 സാമ്പത്തിക വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് | തുക പൂർണ്ണമായും ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്. |
| 320200305 | Grant For Drinking Water Schemes | 553689 | പുളിക്കച്ചിറ കുടിവെള്ള പദ്ധതി നവീകരണത്തിനായി പ്രസ്തുത തുക 2023-2024 സാമ്പത്തികവർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് | തുക പൂർണ്ണമായും ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്. |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) -From Block Panchayath | 280500 | കിണർ റീചാർജ്, വികലാംഗ സ്കോളർഷിപ്പ് എന്നിവയ്ക്ക് ലഭിച്ച തുകയിൽ അവശേഷിക്കുന്ന തുക. 2023-24 സാമ്പത്തിക വർഷം പ്രോജക്ട് റിവിഷനിൽ ഉൾപ്പെടുത്തി പൂർണമായും ചെലവഴിക്കുന്ന താണെന്ന് അറിയിച്ചിട്ടുണ്ട്. | തുക പൂർണ്ണമായും ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്. |
| 320700404 | Contributions For Other Specific Purposes (For Revenue Expenditure) -From Block Panchayath | 100275 | പകൽവീടിന് ലഭിച്ച തുകയുടെ ബാക്കി തുക. 2023-24 സാമ്പത്തിക വർഷം പ്രോജക്ട് റിവിഷനിൽ ഉൾപ്പെടുത്തി പൂർണമായും ചെലവഴിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. | തുക പൂർണ്ണമായും ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്. |

## 1-4-3 റോഡ് റീസ്റ്റോറേഷനായി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

Grant Received From KWA For Restoration Of Roads (Jalajeevan Project) ഇനത്തിൽ Cheque No : 714594, Dt. 25-04-2022 പ്രകാരം 20000000/- രൂപ വാട്ടർ അതോറിറ്റി ലഭ്യമാക്കിയത് ചെലവഴിക്കാതെ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റ് ബി -4 ഷെഡ്യൂൾ ഹെഡ് കോഡ് നമ്പർ 320300199 പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/09.08.2023), ജലജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടാകുന്ന റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ലഭിച്ച തുകയാണിതെന്നും പ്രസ്തുത തുക ചെവലവഴിക്കുന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിപ്പ് ലഭിക്കാത്തതിനാലാണ് ടി തുക ചെലവഴിക്കാതെ അവശേഷിക്കുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജലജീവൻ പദ്ധതി നടപ്പാക്കിയതിനെ തുടർന്ന് സഞ്ചാരയോഗ്യമല്ലാതായി തീർന്ന റോഡുകൾ തനത് ഫണ്ടുപയോഗിച്ച് പുനരുദ്ധാരണം നടത്തിയതായും വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിപ്പ് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിനായി ചെലവഴിച്ച തുക ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച 20000000/- രൂപയിൽ നിന്നും ക്രമീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്.

സുലേഖ ചെലവ് പത്രിക പ്രകാരം 2022-23 സാമ്പത്തിക വർഷം തനത് ഫണ്ട് ഉപയോഗിച്ച് ചെലവഴിച്ച റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങളുടെയും എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പ്രസ്തുത റോഡ് പുനരുദ്ധാരണം നടത്തുന്നതിനുള്ള കാരണവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരമുള്ള റോഡ് പുനരുദ്ധാരണം നടത്തുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1 | S0040/23 | അമ്പലത്തുംപണ ഭാസ്കർ കോളനി റോഡ് റീടാറിംഗ് | 198852 | Vehicular Traffic Is Difficult Due To The Rutts And Pits |
| 2 | S0157/23 | മൂങ്കോട് - കോട്ടപ്പുറം റോഡ് റീകോൺക്രീറ്റിംഗ് വാർഡ് 16 | 400000 | Non Traficcable Condition Due To Rutts And Pits Formed Due To The Pipeline Laying. |
| 3 | S0167/23 | കണിയാൻ വിളാകം ക്ഷേത്രം റോഡ് മെയിന്റനൻസ് വാർഡ് 16 | 627891 | Fully Damaged. At Some Places The Edge And Centre Of The Road Is Chirped And Very Difficult To Vehicular Traffic |
| 4 | S0156/23 | കുഴിവാളംകോണം - മിഷൻ കോളനി റോഡ് കോൺക്രീറ്റിംഗ് വാർഡ് 15 | 744951 | Pits Formed Due To The Erosion Of Road In Heavy Flood And Rain |
| 5 | S0146/23 | മങ്കാട് - മുല്ലപ്പള്ളികോണം മണമ്പൂർ ഏല റോഡ് റീടാറിംഗ് വാർഡ് -15 | 768186 | Damages Due To Lack Of Periodic Maintanance. At Some Places The Edge And Centre Of The Road Is Chirped And Very Difficult To Vehicular Traffic |
| 6 | S0147/23 | ഗ്രാമ സേവിക കോർട്ടേഴ്സ് - ഇടത്തറ റോഡ് മെയിന്റനൻസ് വാർഡ് 6 | 834128 | Damages Due To Lack Of Periodic Maintanance. At Some Places The Edge And Centre Of The Road Is Chirped And Very Difficult To Vehicular Traffic |
| 7 | S0142/23 | പാർത്തുകോണം - പീലിക്കുന്ന് - ഒറ്റൂർ റോഡ് മെയിന്റനൻസ് വാർഡ് 1 | 1500000 | At Some Places The Edge And Centre Of The Road Is Chirped And Very Difficult To Vehicular Traffic |

മേൽ പ്രവൃത്തികളിൽ ക്രമ നം. 2 മൂങ്കോട് - കോട്ടപ്പുറം റോഡ് റീകോൺക്രീറ്റിംഗ് വാർഡ് 16 -പ്രവൃത്തിയിൽ മാത്രമാണ് പൈപ്പ് ലൈൻ സ്ഥാപിച്ചത് മൂലം റോഡ് പുനരുദ്ധാരണം ചെയ്യേണ്ടി വന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്. ക്രമ നമ്പർ 1, 3, 4, 5, 6, 7 പ്രവൃത്തി നടപ്പാക്കിയ റോഡുകളിൽ ജലജീവൻ മിഷൻ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടോയെന്നെതും, നടപ്പാക്കിയിട്ടുണ്ടെങ്കിൽ പ്രവൃത്തി പൂർത്തീകരിച്ച തീയതി, പ്രസ്തുത പ്രവൃത്തിക്ക് ശേഷമാണോ റോഡ് പുനരുദ്ധാരണം നടപ്പാക്കിയത് എന്നിവ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി

നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (49/17.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ജലജീവൻ പദ്ധതി നടപ്പിലാക്കിയ റോഡുകളുടെ പുനരുദ്ധാരണത്തിന് ചെലവായ തുക മാത്രമേ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയ തുകയിൽ ക്രമീകരിക്കാൻ പാടുള്ളൂ. റോഡ് പുനരുദ്ധാരണത്തിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ തുകയിൽ നിന്നും ക്രമീകരിക്കുന്നതിന്റെ കമ്മിറ്റി തീരുമാനം, അനുബന്ധ രേഖകൾ എന്നിവ അടങ്ങിയ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം


ഫണ്ട് വിനിയോഗം

(എ) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.


| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 21237000 | 19642642 | 1594358 |
| വികസനഫണ്ട് എസ്.സി.പി | 8426000 | 8025331 | 400669 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 5863000 | 4776169 | 1086831 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 12404000 | 11787978 | 616022 |
| ആകെ | 47930000 | 44232120 | 3697880 |

ആകെ ലഭ്യമാകുന്ന തുക , ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

(1)




(2)




ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് (2021-22 B4 ഷെഡ്യൂൾ പ്രകാരം) | വരവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവ് + പലിശ) | ആകെ | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23 B4 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 391505 | 7343186 | 7734691 | 5340587 | 2394104 | 1301676 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 157391 | 3923145 (3782284+ 140861*) | 4080536 | 3741352 | 339184 | 249900 |

*പലിശ

നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 0 | 3072125 | 2726150 | 89 |
| വെറ്റിനറി സർജൻ | 10 | 9 | 1 | 3435400 | 2418361 | 70 |
| മെഡിക്കൽ ഓഫീസർ – സി.എച്ച്.സി | 9 | 6 | 3 | 2071733 | 1333150 | 64 |
| മെഡിക്കൽ ഓഫീസർ –ആയുർവേദം | 4 | 4 | 0 | 1361318 | 1361318 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 16 | 14 | 2 | 13808360 | 5943856 | 43 |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 12 | 2 | 5880168 | 4267828 | 73 |
| സെക്രട്ടറി | 34 | 30 | 4 | 13742362 | 8883431 | 65 |
| എച്ച്.എം. | 3 | 2 | 1 | 310000 | 255916 | 83 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 10 | 8 | 2 | 22469000 | 13064366 | 58 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 54 | 46 | 8 | 40393618 | 26972582 | 67 |
| ഡയറിഫാം ഇൻസ്പെക്ടർ | 1 | 1 | 0 | 900000 | 780768 | 87 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 0 | 2219522 | 2199609 | 99 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 24684999 | 19642642 | 80 |
| എസ്.സി.പി. | 9166831 | 8025331 | 88 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 11602131 | 9081939 | 78 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 600000 | 41322 | 7 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 11011829 | 1572700 | 14 |
| തനത് ഫണ്ട് | 18195448 | 8897630 | 49 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 5348500 | 3381500 | 63 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 6516500 | 2936634 | 45 |
| മെയിന്റനൻസ് റോഡ് | 15001576 | 11787978 | 79 |
| മെയിന്റനൻസ് റോഡിതരം | 7108059 | 4776169 | 67 |
| മറ്റുള്ളവ | 19846555 | 3493101 | 18 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 172 | 149 | 23 | 10,96,53,606 | 7,02,07,335 | 64 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1 അനുസരിച്ച്, ഭരണസമിതിയുടെ 1(1)/07.12.2021-ാം നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിച്ചതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 12/09.08.2023ന്റെ മറുപടി).

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

07.01.2022, 21.06.2022 എന്നീ തീയതികളിൽ ആസൂത്രണ സമിതി യോഗം കൂടിയിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ യഥാക്രമം 11ഉം 6ഉം അംഗങ്ങളാണ് പങ്കെടുത്തത്. 22.04.2022ലെ യോഗത്തിലെ 13 പേരുടെ ഹാജർ വിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

എം.സി.എഫിന് സ്ഥിരം സ്ഥലം കണ്ടെത്താനും കാർഷിക കർമ്മസേന പുനഃ സംഘടിപ്പിക്കാനും 07.01.2022ലെ യോഗത്തിൽ നിർദ്ദേശമുണ്ടായിരുന്നു. ആസൂത്രണ സമിതിയുടെ നിർദ്ദേശമനുസരിച്ച് എം.സി.എഫ് കെട്ടിട നിർമ്മാണം എന്ന പദ്ധതി ഏറ്റെടുക്കുകയും പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണെന്നും 25.02.2023ൽ കാർഷിക കർമ്മസേന യോഗം കൂടി പുനഃ സംഘടിപ്പിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

ഭരണസമിതി തീരുമാനം നമ്പർ 1(1)/07.12.2021 പ്രകാരം, ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 12/09.08.2023ന്റെ മറുപടി) |
|---|---|---|---|---|
| I | കുടിവെള്ളം, ശുചിത്വം | 07.05.2022 | പുളിയ്ക്കച്ചിറ കുടിവെള്ള പദ്ധതി പുനഃസ്ഥാപിക്കുക.<br>പൊതു ശ്മശാനം സ്ഥാപിക്കുക.<br>എം.സി.എഫ് നിർമ്മിക്കുക. | 2022-23ൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| Ii | ജൈവ വൈവിദ്ധ്യ മാനേജ്മെന്റ് | 07.05.2022 | കായൽ തീരങ്ങളിൽ കണ്ടൽ ചെടികൾ വച്ച് പിടിപ്പിക്കുക.<br>മിയോവാക്കി വനങ്ങൾ വിവിധ ഭാഗങ്ങളിൽ വച്ച് പിടിപ്പിക്കുക | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണന്നൂർ യു.പി.എസ്, കവലയൂർ സ്കൂൾ എന്നിവിടങ്ങളിൽ പച്ചതുരുത്ത് പദ്ധതി ഏറ്റെടുത്ത് നടപ്പാക്കി. |
| Iii | സാമൂഹ്യ നീതി | 08.01.2022 | ബഡ്സ് സ്കൂൾ | വരും വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| Iv | ദാരിദ്ര്യ ലഘൂകരണം | 08.01.2022 | എം.സി.എഫ്, ശ്മശാനം | |
| | | 07.05.2022 | കൊടിതൂക്കി കുന്നിൽ വാട്ടർ ടാങ്ക് | |
| V | വനിത വികസനം | 08.01.2022 | കിണറുകളില്ലാത്ത അങ്കണവാടികളിൽ കിണർ നിർമ്മാണം. | |

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി, ഭരണ സമിതിയുടെ 1(1)/07.12.2021-ാം നമ്പർ തീരുമാനപ്രകാരം അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങളും സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച പരിഹാര നടപടി (അവലംബം ഓഡിറ്റ് എൻക്വയറി നമ്പർ 12/09.08.2023ന്റെ മറുപടി) |
|---|---|---|---|---|
| I | പൊതുമരാമത്ത് | അതീവ ഗുരുതരം | അവശ്യ സാധനങ്ങളുടെ ലഭ്യതക്കുറവ് | നടപടി സ്വീകരിച്ചിട്ടില്ല. |
| Ii | ആരോഗ്യം | ഗുരുതരം | ലഹരി വസ്തുക്കളുടെ ഉപയോഗം | ബോധവൽക്കരണ ക്ലാസുകൾ സ്കൂളുകളിൽ സംഘടിപ്പിക്കുകയും ഗ്രാമസഭകളിൽ ചർച്ച ചെയ്യുകയും ചെയ്തു. |

| | | | | |
|---|---|---|---|---|
| Iii | കൃഷി | അതീവ ഗുരുതരം | നെൽകൃഷി നെൽവിസ്തൃതി കുറയുന്നു | കേദാരം നെൽകൃഷ പദ്ധതി നടപ്പാക്കി. |
| Iv | കുടിവെള്ളം ശുചിത്വം | ഗുരുതരം | ജലസ്രോതസുകൾ മലിനീകരണം | എൻആർജിഎസിൽ ഉൾപ്പെടുത്തി ജലസ്രോതസുകളുടെ നവീകരണം നടത്തിയിട്ടുണ്ട്. |
| V | സാമൂഹ്യ നീതി | ഗുരുതരം | വയോജനങ്ങൾക്ക് വിനോദത്തിനുള്ള സൗകര്യമില്ലായ്മ | 2023-24 വർഷം പകൽവീടിന് സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. |

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി, ബാങ്ക് പ്രതിനിധികളുടെ മീറ്റിംഗ് വിളിച്ചുകൂട്ടിയതായി അറിയിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ, കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

പദ്ധതി വിഹിതത്തിലൂടെ ഗ്രാമപഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങൾ പൂർണമായി നേടുന്നതിനും ലഭ്യമാകുന്ന തുക പാഴാക്കാതെ പൂർണമായി ചെലവഴിക്കുന്നതിനും കൂടുതൽ തുക നിയമാനുസൃത മാർഗ്ഗേന ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾ മാർഗരേഖ എന്നിവ കൃത്യമായി അനുവർത്തിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ഉൾക്കൊള്ളേണ്ടതുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-6 ക്ഷേമ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1299400 | 125 |
| വിധവ പെൻഷൻ | 13270800 | 1275 |
| വാർദ്ധക്യകാല പെൻഷൻ | 25108600 | 2551 |
| വികലാംഗ പെൻഷൻ | 3710200 | 341 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 127200 | 14 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2023, 10.00AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,879 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് ഉത്തരവ് മുഖേന ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. നികുതി പിരിവ് ചുമതല, ടാർജറ്റ് നിശ്ചയിച്ച് 100 ശതമാനം പിരിവ് നടത്തിയിട്ടുണ്ട്.

2) ജോലി വിഭജനം കൃത്യമായി നടത്തുന്നുണ്ടെങ്കിലും ജോലി നിർവ്വഹണം നിരീക്ഷിക്കപ്പെടുന്നതിനുള്ള നടപടികളോ തുടർ നിർദ്ദേശങ്ങളോ ഉണ്ടാകുന്നില്ല. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തുന്നില്ല. 2022-23 സാമ്പത്തിക വർഷം 23.05.2022 ൽ മാത്രമാണ് ജീവനക്കാരെയെല്ലാം ഉൾപ്പെടുത്തി മീറ്റിംഗ് കൂടിയിട്ടുള്ളത്. 30.04.2022, 24.05.2022 എന്നീ തീയതികളിലെ യോഗങ്ങൾ NREGS ജീവനക്കാരെ മാത്രം ഉൾപ്പെടുത്തി നടത്തിയതാണ്. റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

3) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2022 വർഷത്തെ പൗരാവകാശരേഖ പുതുക്കി പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

4) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണമെന്നുണ്ട്. എന്നാൽ, ഇപ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

5) ഗ്രാമപഞ്ചായത്തിന്റെ ISO സർട്ടിഫിക്കേഷന്റെ കാലാവധി 28.02.2022ൽ അവസാനിച്ചിരുന്നു. പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 39/14.08.2023ന്റെ മറുപടി).

6) ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ, റിക്കോഡ് റൂം സജ്ജീകരിച്ചിട്ടുണ്ട്.

7) ഓഫീസ് ഉത്തരവ് നമ്പർ 12/2022 തീയതി 19.05.2022 പ്രകാരം സേവന സോഫ്റ്റ് വെയർ ഓരോ മാസവും മരണപ്പെട്ടവരുടെ വിവരങ്ങൾ പരിശോധിച്ച് ഡേറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനും സഹകരണ ബാങ്ക് വഴി വിതരണം ചെയ്യുന്നതിന്റെ വിവരങ്ങൾ ശേഖരിച്ച് സോഫ്റ്റ് വെയറിൽ വേണ്ട വിവരം നൽകാനും എ6 സെക്ഷനെ ചുമതലപ്പെടുത്തിയിരുന്നു. പെൻഷൻ ലിസ്റ്റ് വാർഡ് മെമ്പർമാർക്ക് കൈമാറിയതായും വിവരങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്.

8) ഇൻകുംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

9) പൊതുജനങ്ങൾക്കുള്ള പരാതിപ്പെട്ടി സൂക്ഷിച്ചിട്ടില്ല.

10) റോഡ് റീസ്റ്റോറേഷനായി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

11) തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

12) ഉപയോഗശൂന്യമായ പൊതുടാപ്പുകൾക്ക് കുടിവെള്ളക്കരം ഒടുക്ക് വരുത്തുന്നത് ഒഴിവാക്കേണ്ടതാണ്.

13) നികുതി നികുതിയേതര വരുമാനങ്ങളുടെ ശേഖരണത്തിൽ പരമാവധി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-9 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1177925 | 1177925 | 471698 | 706227 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33958590 | 33958590 | 33958590 | 0 |
| ആകെ | 0 | 35136515 | 35136515 | 34430288 | 706227 |

ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 706227.50/- രൂപ. 50 പെസയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.04.2022 | 01.08.2021 മുതൽ 31.03.2022 വരെ | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.10.2020 | 2015-16 മുതൽ 2019-20 വരെ | 16.03.2021 |

## 1-11 വസ്തു നികുതി പരിഷ്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

05/04/2023 ലെ സ.ഉ.(അച്ചടി)നം.25/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് 01.04.2023 മുതൽ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തുന്നതിനുള്ള നിരക്കുകൾ 11.05.2023 ലെ 2(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണത്തിന് അനുസൃതമായി ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് കരട് വിജ്ഞാപനം ചെയ്യുകയും ആയത് ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി നിയമാനുസൃത കാലയളവ് നൽകിയിരുന്നെങ്കിലും സമയപരിധിക്കുള്ളിൽ യാതൊരുവിധ ആക്ഷേപങ്ങളും ലഭിച്ചിട്ടില്ലാത്തതിനാൽ 10.08.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 17(1) നമ്പർ തീരുമാനപ്രകാരം നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. സഞ്ചയയിൽ നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ 2023-24 വർഷത്തെ നികുതി പഴയ നിരക്കിലാണ് ഈടാക്കി വരുന്നത്.

നിലവിലെ നികുതി നിരക്കും പുതുക്കിയ നിരക്കും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗക്രമം | നിലവിലെ നിരക്ക് | പുതുക്കിയത് |
|---|---|---|
| പാർപ്പിടാവശ്യം | 4 | 6 |
| ഇതര വ്യവസായ ആവശ്യത്തിനുള്ളവ | 40 | 50 |
| സ്വകാര്യ ഹോസ്റ്റൽ | 30 | 50 |
| മൊബൈൽ ടവർ | 500 | 600 |

അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതാണ്. നികുതി നിരക്ക് പുതുക്കുമ്പോൾ പുതുതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് കെട്ടിടങ്ങളെ വേർതിരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉദാഹണമായി പാർപ്പിടാവശ്യം, വ്യവസായ ആവശ്യം തുടങ്ങിയ കാറ്റഗറികളിൽ നിശ്ചയിച്ച പിരിവുകളായി വരുന്ന ഉപയോഗക്രമങ്ങൾ എല്ലാം ആയത് ബാധകമായ കെട്ടിടങ്ങളെത്തന്നെ ലിസ്റ്റ് ചെയ്യേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ നടപടികളെല്ലാം പൂർത്തിയാക്കിയ ശേഷം നികുതി ഡേറ്റാബേസിൽ നിരക്കുകൾ ചേർത്തതിന്റെ റിപ്പോർട്ട്, 2023-24 വർഷത്തെ പുതുക്കിയ ഡിമാന്റ് ജനറേറ്റ് ചെയ്തത് എന്നിവ ലഭ്യമാക്കേണ്ടതാണ്. നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവരുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന വ്യത്യാസം അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

(അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 34/14.08.2023 ന്റെ മറുപടി)

## 1-12 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക്

ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/10.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ചട്ട പ്രകാരമുള്ള പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് നടത്തി അനധിക നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതും അവയിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-13 ഒറ്റത്തവണ കെട്ടിട നികുതി - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

സ.ഉ(എം.എസ്) നം.231/15/ത.സ്വ.ഭ.വ തീയതി 9.7.2015-ാം നമ്പർ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975ലെ കേരള കെട്ടിടനികുതിനിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതി അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്. ചുവടെ ചേർക്കുന്ന ഫയലുകളിൽ മേൽ ഉത്തരവ് പാലിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | ഫയൽ നമ്പർ | കെട്ടിട നമ്പർ/ വില്ലേജ് | ഉടമയുടെ പേര് | നികുതി പ്രാബല്യത്തിൽ വന്ന അർദ്ധ വർഷം | ഉപയോഗക്രമം | പ്ലിന്ത് ഏര്യ |
|---|---|---|---|---|---|---|
| 1 | A3/1571/22 | 7/181B/ മണമ്പൂർ | റഹിയാനത്ത് ബീഗം | 2023 ഒന്നാം അർദ്ധവർഷം | പാർപ്പിടം | 114.55 $M^2$ |
| 2 | A3/1102/22 | 1/409 B/ മണമ്പൂർ | ജയപ്രകാശ് ജി | 2023 ഒന്നാം അർദ്ധവർഷം | പാർപ്പിടം | 128.22 $M^2$ |
| 3 | A3/1840/22 | 6/195/B | ബിസ്മിത എസ് മന്നത്ത് | 2023 ഒന്നാം അർദ്ധവർഷം | പാർപ്പിടം | 162.29 $M^2$ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/10.08.2023) മറുപടിയായി ക്രമ നം. 3, ശ്രീമതി ബിസ്മിത എസ് മന്നത്ത് റിട്ടേൺ ഫയൽ ചെയ്തതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നം 1, 2 – ലെ വ്യക്തികളോട് കെട്ടിട നികുതി അടച്ചതിന്റെ രസീത് ഹാജരാക്കുന്നതിനു വേണ്ടി നിർദ്ദേശിച്ചിട്ടുണ്ടെന്നും പ്രസ്തുത രസീതുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളിൽ നിന്നും ഒറ്റത്തവണ കെട്ടിട നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുക്കുന്നു

2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം റഡിഡൻഷ്യൽ (അരിയർ), നോൺ റഡിഡൻഷ്യൽ (അരിയർ) ഇനങ്ങളിൽ പിരിച്ചെടുക്കാൻ തുക ഒന്നും തന്നെ അവശേഷിച്ചിരുന്നില്ല (2021 -22 B- 15 ഷെഡ്യൂൾ പ്രകാരം). എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം പ്രസ്തുത ഇനങ്ങളിൽ തുക കളക്ട് ചെയ്തതായി രേഖപ്പെടുത്തുകയും ആയത് Prior Period Income ആയി രേഖപ്പെടുത്തി (I-19 ഷെഡ്യൂൾ പ്രകാരം) ഡിമാന്റിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

തൻവർഷം പിരിച്ചെടുത്ത കുടിശ്ശിക വസ്തു നികുതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 431100102 | Property Tax On Residential Buildings (Arrears) | 36585 |
| 431100106 | Service Cess On Property Tax (Arrears) | 17359 |
| 431100104 | Property Tax On Non Residential Buildings (Arrears) | 65731 |

സഞ്ചയ സോഫ്റ്റ്‌വെയറിൽ പ്യൂരിഫിക്കേഷൻ പ്രവർത്തനങ്ങൾ നടത്തി പഴയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തി നൽകുന്നതിനാലാണ് കുടിശ്ശികയില്ലായെന്ന രേഖപ്പെടുത്തിയതിനു ശേഷം കുടിശ്ശിക വസ്തു നികുതി പിരിച്ചെടുക്കുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് (38/14.08.2023) ന്റെ മറുപടി). പ്രസ്തുത മറുപടി സാധൂകരിക്കത്തക്ക വിധത്തിലുള്ള രേഖകൾ സഞ്ചയയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. വസ്തു നികുതി പൂർണ്ണമായും

പിരിച്ചെടുത്തുവെന്നും കുടിശ്ശികയില്ലായെന്നു രേഖപ്പെടുത്തിയതിനു ശേഷം കുടിശ്ശിക വസ്തു നികുതി പിരിച്ചെടുക്കുന്നില്ലായെന്നും ഉറപ്പാക്കേണ്ടതാണ്.

## 1-15 പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി ഈടാക്കുകയോ ചെയ്യുന്നില്ല

നമ്പറിംഗ് ഫയലുകളുടെ പരിശോധനയിൽ ശ്രീ.സുഭാഷ്.എസ്, Royal Castle, മണനാക്ക് എന്ന വ്യക്തി സർവേ നമ്പർ 365/1, 365/1-1, 365/1-2,365/1-3, 441/68, 441/68-1 എന്നീ സർവേ നമ്പരുകളിൽ ഉൾപ്പെട്ട 116.90 ആർ വസ്തുവിൽ ഹോം സ്റ്റേ I (നിള), ഹോം സ്റ്റേ II (തീർത്ഥം), ഹോം സ്റ്റേ III (ആവണി), ജോലിക്കാരുടെ വിശ്രമ മുറികൾ എന്നിവ പൂർത്തീകരിച്ചതായും ആയവയ്ക്ക് നമ്പർ ലഭ്യമാക്കുന്നതിനായും 28.02.2022 -ൽ അപേക്ഷ സമർപ്പിച്ചിരുന്നു. പെർമിറ്റ് നമ്പർ A3- BA(287791) 2019 തീയതി 26.09.2019 പ്രകാരം 306.72 M2 വിസ്തീർണ്ണത്തിൽ (A Type House -4, B Type House -3) ഹോം സ്റ്റേയ്ക്കായി പെർമിറ്റ് അനുവദിച്ചിരുന്നു. എന്നാൽ പണി പൂർത്തീകരിച്ചതിനു ശേഷം “Completed Plan “ - ലഭ്യമാക്കിയെങ്കിലും പ്രസ്തുത കെട്ടിടങ്ങൾക്ക് നാളിതുവരെ നമ്പർ അനുവദിച്ച് നൽകിയിട്ടില്ല. പൂർത്തീകരണ പ്ലാനിൽ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 203.78 M2 (Stay Home 1- 42.64 M2, Stay Home 2 – 35 M2, Stay Home 3- 41.86m2, Servants Room – 84.28 M2) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിടം സംബന്ധിച്ച വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത നിർമ്മാണ പ്രവർത്തികൾ നടന്ന സർവേ നമ്പർ 441/68, 441/68-1 എന്നിവ CRZ III മേഖലയിൽ ഉൾപ്പെട്ടതായതിനാൽ KPBR 2019 റൂൾ 3(5) പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കാൻ സാധിക്കില്ലായെന്ന് അസിസ്റ്റന്റ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 235(എ എ) (1)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതിവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നല്കുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണ്. കൂടാതെ (1)-ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ, 235 ഡബ്ലിയു വകുപ്പുപ്രകാരം അങ്ങനെയുള്ള ആൾക്ക് എതിരായി നടപടി എടുക്കുന്നതിൽ നിന്നും സെക്രട്ടറിയെ തടസ്സപ്പെടുത്തുന്നതല്ലാത്തതും ഈ വകുപ്പ് പ്രകാരം സെക്രട്ടറി എടുത്ത ഏതെങ്കിലും നടപടിമൂലം ഏതെങ്കിലും നഷ്ടപരിഹാരം ലഭിക്കുന്നതിന് ഉടമസ്ഥന് അവകാശ മുണ്ടായിരിക്കുന്നതല്ലാത്തതുമാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 235-ാം വകുപ്പിൽ അനുശാസിക്കുന്ന പ്രകാരമുള്ള കെട്ടിടനമ്പർ നൽകുവാൻ പാടില്ലാത്തതും അവയ്ക്ക് നിർണ്ണയിക്കപ്പെട്ടപ്രകാരം പ്രത്യേക നമ്പർ നൽകേണ്ടതുമാണ്. പ്രത്യേക നമ്പർ നൽകുന്നതിലുണ്ടാകുന്ന യാതൊരു കാലതാമസവും (1)-ാം ഉപവകുപ്പുപ്രകാരം മുൻകാല പ്രാബല്യത്തോടുകൂടി വസ്തു നികുതി ചുമത്തുന്നതിന് തടസ്സമാകുന്നതല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ മേൽ കെട്ടിടത്തിന് അനധികൃത നമ്പർ നൽകി വസ്തു നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (40/14.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർമ്മാണ പ്രവർത്തികൾ നടന്ന സർവേ നമ്പർ 441/68, 441/68-1 എന്നിവ CRZ III മേഖലയിൽ ഉൾപ്പെട്ടതായതിനാൽ KPBR 2019 റൂൾ 3(5) പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കാൻ സാധിക്കില്ലായെന്ന് അസിസ്റ്റന്റ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ സ്വീകരിക്കുന്ന തുടർനടപടികളുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതിവരെ ആയത് നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ,

ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (31/14.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി 100 % പിരിച്ചെടുത്തതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യതയുള്ള മുഴുവൻ വ്യക്തികൾ/സ്ഥാപനങ്ങിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. പ്രസ്തുത വിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 റേഷൻകടകൾ ലൈസൻസില്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും 2022-23 വർഷത്തേയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചുനൽകേണ്ടതും, റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 12 റേഷൻകടകളിൽ രണ്ട് എണ്ണത്തിന് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/09.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലെ മുഴുവൻ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 നിയമാനുസൃത സമയപരിധിക്കുള്ളിൽ തൊഴിൽ നികുതി അടവാക്കാത്തവരിൽ നിന്നും പിഴപ്പലിശ ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

നിയമാനുസൃത സമയപരിധിക്കുള്ളിൽ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും നിന്നും പിഴ പലിശ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | കാലയളവ് | തൊഴിൽ നികുതി തുക | തൊഴിൽനികുതി ഒടുക്കിയ തീയതി |
|---|---|---|---|---|
| 1 | മണന്നൂർ പഞ്ചായത്ത് കുടുംബശ്രീ അക്കൗണ്ടന്റ് | ഒന്നാം അർദ്ധവർഷം | 1000 | 28.03.2023 |
| 2 | ക്ഷീരോൽപാദക സംഘം, മണന്നൂർ | ഒന്നാം അർദ്ധവർഷം | 1080 | 28.03.2023 |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (17/10.08.2023) നൽകിയതിനെ തുടർന്ന് മണന്നൂർ പഞ്ചായത്ത് കുടുംബശ്രീ പിഴപ്പലിശയായി 140 /- രൂപയും (രസീത് നമ്പർ 1230100926 തീയതി 14.08.2023), ക്ഷീരോൽപാദക സംഘം, മണന്നൂർ പിഴപ്പലിശയായി 151/- രൂപയും (രസീത് നമ്പർ - 1230100937, തീയതി 14.08.2023) അടവാക്കിയിട്ടുണ്ട്. നിയമാനുസൃത സമയപരിധിക്കുള്ളിൽ തൊഴിൽ നികുതി അടവാക്കാത്തവരിൽ നിന്നും പിഴപ്പലിശ ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-19 നികുതി / നികുതിയേതര വരവുകൾ - അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ നികുതി വരുമാനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു (കേരള പഞ്ചായത്ത് രാജ് നിയമം 203). രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി ജീവനക്കാർ, വ്യാപാരം വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നീ ഇനങ്ങളിലായി നിയമപ്രകാരം ഈടാക്കാം (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-204). സിനിമ ഉൾപ്പെടെയുള്ള വിനോദപരിപാടികളുടെ ടിക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി, വിനോദം നൽകുന്ന സ്ഥാപനം നൽകുന്ന ജി.എസ്.ടി റിട്ടേണുകളെ ആസ്പദമാക്കിയാണ് വിനോദ നികുതി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്നത്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാന്റുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാന്റുകൾ പൂർണ്ണമല്ലാത്തത് നികുതി ശോഷണത്തിന് ഇടയാക്കുന്നു. നികുതി നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) പുതിയ തനതുവരുമാനമേഖലകൾ:

പുതിയ തനതു വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടെങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി കടമുറികളോ മാർക്കറ്റോ ഉള്ളതായോ അവയിൽ നിന്നും വരുമാനം ലഭിക്കുന്നതായോ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ പഞ്ചായത്തിന്റ ഭാഗമായ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധന വിധേയമാക്കേണ്ടതാണ്.

2) തനത് വരുമാനങ്ങൾ നിശ്ചിതസമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ:

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ പൂർണമായും പിരിച്ചെടുത്തിട്ടുണ്ട്. 2021–22 സാമ്പത്തിക വർഷവും വിവിധ നികുതി നികുതിയേതര വരവുകൾ പൂർണ്ണമായും പിരിച്ചെടുത്തിരുന്നു.

നികുതി/നികുതിയേതര വരവിനങ്ങളുടെ അവലോകന യോഗങ്ങൾ കൂടി, പിരിവ് പുരോഗതി, നികുതി വർദ്ധനവ് എന്നിവ ചർച്ച ചെയ്യേണ്ടതാണ്.

3) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല :

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, തുടങ്ങിയ ഒരു വലിയവിഭാഗം തൊഴിൽ നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുന്നുണ്ട്. മതിയായ വിവര അടിത്തറയുടെ അഭാവമാണ് പ്രധാനകാരണം. ഗ്രാമപഞ്ചായത്തിലെ 2022-23 ലെ വാർഷികകണക്കുകളെ അടിസ്ഥാനപ്പെടുത്തിയാൽ ഈ ഇനത്തിൽ ഒരാളിൽ നിന്നുപോലും ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്നത് വ്യക്തമാണ്.

4) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ് :

വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരഅടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്

5) വസ്തുനികുതി പരിഷ്കരണം കുറ്റമറ്റ രീതിയിൽ നടപ്പാക്കേണ്ടതാണ് .

2013 വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഡേറ്റാ എൻട്രിയിലേയും നികുതി പരിഷ്കരണത്തിലെയും നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല എന്നിവ ഒരോ നികുതി നിർണ്ണയത്തിനും ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതിയിൽ കുറവ് ഉണ്ടാക്കുന്ന സാഹചര്യം ഉണ്ടാക്കുന്നതാണ്. ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വസ്തു നികുതി പരിഷ്കരണം കുറ്റമറ്റ രീതിയിൽ നടപ്പാക്കേണ്ടതാണ്.

ഓഡിറ്റ് ശുപാർശകൾ:

1) തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3) അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5) തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്വെയർ അധിഷ്ഠിതമാക്കുന്നതിന് IKMനോട്

ആവശ്യപ്പെടാവുന്നതാണ്.

6) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്.

7) സാങ്കേതികമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് IKM ന്റെ സഹായം തേടേണ്ടതാണ്.

8) വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശപ്രകാരമുള്ള ഉപയോഗക്രമങ്ങൾക്ക് സമയബന്ധിതമായി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-20 സ്വകാര്യമാർക്കറ്റ് - ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകം

ഗ്രാമപഞ്ചായത്തിലെ കവലയൂർ, മണമ്പൂർ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന സ്വകാര്യ മാർക്കറ്റുകൾ 2022-23 വർഷത്തേയ്ക്ക് ലൈസൻസ് ഫീ ഒടുക്കിയിട്ടുണ്ട്. ലൈസൻസുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ബൈലോ, അനുവദിച്ച ലൈസൻസുകളുടെ പകർപ്പ് എന്നിവ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

സ്വകാര്യ മാർക്കറ്റുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കിയിട്ടില്ലായെന്നും 2021-22 സാമ്പത്തിക വർഷത്തിലെ വരവ് ചെലവ് സ്റ്റേറ്റ്മെന്റും മാലിന്യ സംസ്കരണ റിപ്പോർട്ട് എന്നിവ തൃപ്തികരമായി നൽകിയിട്ടില്ലാത്തതിനാൽ ലൈസൻസ് നൽകിയിട്ടില്ലായന്നും, എന്നാൽ, മണമ്പൂർ മാർക്കറ്റ് 25-07-2022 ലെ 3ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരവും കവലയൂർ മാർക്കറ്റ് 31-3-2023 ലെ 8ാം നമ്പർ തീരുമാനപ്രകാരവുമാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 26/10.08.2023ന്റെ മറുപടി).

പ്രസ്തുത മാർക്കറ്റുകൾ 2002 മുതൽ പ്രവർത്തിച്ചു വരുന്നു എന്നാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 1994 കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 222, 1996 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മാർക്കറ്റുകളുടെയും സ്വകാര്യ മാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾ, ചട്ടം 9(3) എന്നിവ പ്രകാരം സ്വകാര്യ മാർക്കറ്റുകളുടെ ലൈസൻസ് പുതുക്കിനൽകുമ്പോൾ നിശ്ചിത ഫീസ് ഗ്രാമപഞ്ചായത്ത് ഈടാക്കേണ്ടതാണ്. 2022-23 വർഷത്തിൽ കവലയൂർ മാർക്കറ്റ് ലൈസൻസ് അപേക്ഷകനായ ശ്രീ.അഷറഫ് 8626/- രൂപയും മണമ്പൂർ മാർക്കറ്റ് ലൈസൻസ് അപേക്ഷകനായ ശ്രീ.സുജാതൻ 9500/- രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയത്. പ്രസ്തുത ഫീസ് നിലവിലുള്ളത് തന്നെയാണ് എന്ന് കാണുന്നു.

നിലവിലുള്ള ലൈസൻസിന്റെ 25% അധികരിച്ചാണ് മാർക്കറ്റ് ഫീസ് നൽകിയിരുന്നതെന്നും, എന്നാൽ, കോവിഡ് കാലയളവിൽ മാർക്കറ്റ് അടച്ചിട്ടിരുന്നതിനാൽ ചില ഇളവുകൾ നൽകിയിരുന്നതായും ലൈസൻസ് ഫീസ് 25% അധികരിച്ച് നൽകിയിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.

1996ലെ കേരള പഞ്ചായത്ത് രാജ് (പൊതു മാർക്കറ്റുകളുടെയും സ്വകാര്യ മാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം മാർക്കറ്റ് പിരിവിനുള്ള രസീതിൽ പഞ്ചായത്തിന്റെ മുദ്ര ഉണ്ടായിരിക്കേണ്ടതും രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ, രസീതിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മാർക്കറ്റുകളുടെയും സ്വകാര്യ മാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾ, ചട്ടം 12 പ്രകാരം സ്വകാര്യ മാർക്കറ്റ് കണക്കുകൾ സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത കണക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

1994 കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 222(4)(2) പ്രകാരമുള്ള ഫീസ് ഒടുക്കുന്നതിന് പുതിയ സാനിട്ടറി സർട്ടിഫിക്കറ്റും മാലിന്യ സാംസ്കരണത്തിന് കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് സംവിധാനമോ കമ്മ്യൂണിറ്റി ബയോ ഗ്യാസ് പ്ലാന്റോ ഏർപ്പെടുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-21 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ 2022-2023 വർഷത്തെ ലൈസൻസ് സംബന്ധമായ ലഭ്യമായ അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാണിജ്യ ആവശ്യത്തിനുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്ത മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ലിസ്റ്റ് കാലികമായി സൂക്ഷിക്കുന്നതാണെന്നും ലൈസൻസ് നൽകുവാൻ വിട്ടുപോയ മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുവാനുള്ള നടപടികൾ

സ്വീകരിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2) കല്യാണമണ്ഡപങ്ങൾ, ഹാളുകൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ എന്നിവയിൽ നിന്നും 2022-2023 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, പട്ടിക-I, ക്രമ നമ്പർ 33 പ്രകാരം ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് അനിവാര്യമാണ്. ഇത്തരത്തിൽ 2022-23 സാമ്പത്തിക വർഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചിരുന്നതായും ഇത് ഇത് തനതുവരുമാന നഷ്ടത്തിനു കാരണമായിട്ടുണ്ട്.

പ്രസ്തുത വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3) വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2022-23 സാമ്പത്തിക വർഷത്തെ ലിസ്റ്റ് വാർഡടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും, മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടോയെന്നും, ലൈസൻസ് നൽകിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. ഇത് നികുതി പിരിവ് പൂർണമായും കാര്യക്ഷമമായും നടത്തുവാൻ കഴിയാതെ വരുന്നു. ആയതിനാൽ വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് ഓരോ സാമ്പത്തിക അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കർത്തവ്യമാണ്.

ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 36/08.08.2023) ലഭ്യമാക്കിയ മറുപടിയിൽ വാർഡടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു രേഖപ്പെടുത്തിയിട്ടുണ്ട്.
വരുമാന സ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-22 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിലുള്ള അപാകം

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരളാ പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്തുവാൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമ പഞ്ചായത്തു പരിധിയിൽ 870 വളർത്തു നായകൾ ഉള്ളതായും 425 വളർത്തു നായകൾക്ക് ലൈസൻസ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം 310 വളർത്തു നായകൾക്ക് മാത്രമാണ് 2022-23 വർഷത്തേക്ക് ലൈസൻസ് നൽകിയിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 6/08.08.2023) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിൽ ലൈസൻസിനായി ലഭിച്ച അപേക്ഷകളിന്മേൽ ലൈസൻസ് നൽകിയിട്ടുണ്ടെന്നും തുടർ വർഷങ്ങളിൽ വെറ്ററിനറി വിഭാഗവുമായി സംയോജിച്ച് നായകൾക്ക് വാക്സിനേഷൻ എടുക്കുന്ന മുറയ്ക്ക് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
എല്ലാ വളർത്തു നായകൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ഗ്രാമസഭ സംഘാടനത്തിൽ പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗ മിനിട്സ് പരിശോധിച്ചതിൽ, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് പല ഗ്രാമസഭാ യോഗങ്ങളും നടത്തിയിരിക്കുന്നതെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1) 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. എന്നാൽ, 2022-23 സാമ്പത്തിക വർഷത്തിൽ 2022 ഡിസംബർ മാസം ഗ്രാമസഭ കൂടിയതിനുശേഷം 2023 ജൂൺ മാസത്തിലാണ് ഗ്രാമസഭ വീണ്ടും ചേർന്നിട്ടുള്ളത്. പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിധേയമായി സമയബന്ധിതമായി ഗ്രാമസഭകൾ വിളിച്ച് ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമായിട്ടുണ്ട്.

2) 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കുന്ന പ്രകാരം, ഓഡിറ്റ് റിപ്പോർട്ട്, ഭരണ സമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമ സഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ഭാവിയിൽ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമ സഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

3)ഗ്രാമപഞ്ചായത്ത് വാർഡ് 16 ലെ ആകെ ജനസംഖ്യ 1150 ആണ്. കേരള പഞ്ചായത്ത് രാജ് ആക്ട് അധ്യായം II വകുപ്പ്

3A (4) പ്രകാരം ഗ്രാമസഭകളുടെ ക്വാറം പ്രസ്തുത പ്രദേശത്തെ സമ്മതിദായകരുടെ എണ്ണത്തിന്റെ 10% ആയിരിക്കണമെന്നും ക്വാറം തികയാതെ മാറ്റി വെയ്ക്കുന്ന ഗ്രാമസഭയുടെ യോഗം വീണ്ടും കൂടുമ്പോൾ പ്രസ്തുത യോഗത്തിന്റെ ക്വാറം 50% ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വാർഡ് നമ്പർ 16ൽ 31/07/22 തീയതിയിൽ നടന്ന ഗ്രാമസഭാ യോഗത്തിൽ 105 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത് (അംഗീകൃത ക്വാറം - 115). ക്വാറം തികയാത്തതിനാൽ യോഗം മാറ്റിവച്ചതായി മിനിട്സ് ബുക്കിൽ നിന്നും വ്യക്തമല്ല. 125 പേർ ഗ്രാമസഭയിൽ പങ്കെടുത്തിട്ടുണ്ടായിരുന്നുവെന്നും എന്നാൽ പങ്കെടുത്തവരുടെ കൃത്യമായ വിവരം രേഖപ്പെടുത്തുന്നതിൽ വീഴ്ച പറ്റിയതായും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകളുണ്ടാകാതെ നോക്കാമെന്നും പങ്കെടുത്തവരുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താമെന്ന് അറിയിച്ചിട്ടുണ്ട്.

ഗ്രാമസഭകളുടെ സംഘാടനത്തിൽ പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

(അവലംബം - ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 43/16.08.2023).

## 1-24 പരിസ്ഥിതി സംരക്ഷണത്തിന് നടപടികളുണ്ടാകണം

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 115/2022/തസ്വഭവ തീയതി 28.05.2022] ഖണ്ഡിക 7.8.4 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ, ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

1) ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കണം. ചുമതല നിശ്ചയിക്കണം.

3) ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) നിർവ്വഹണം പൂർത്തിയാക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ആകെ ചെലവിന്റെ 75% തദ്ദേശസ്ഥാപനത്തിൽ നിന്നും നൽകാവുന്നതാണ്.

തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 13/09.08.2023ന്റെ മറുപടി). പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-25 ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല- 3660 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിൽ 23.03.22, 26.03.22, 27.03.22 എന്നീ തീയതികളിൽ നടത്തിയ പഠ്ന ലിഖ്ന അഭിയാന്റെ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് വൗച്ചർ നം 22200050/29.04.2022 പ്രകാരം 54655 രൂപ ചെലവുണ്ട്. എന്നാൽ, ഇതിൽ 50995 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് വൗച്ചറിനോടൊപ്പം ചേർത്തിട്ടുള്ളത്. 3660 രൂപയുടെ ചെലവുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 50/17.08.2023) മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ പ്രസ്തുത ചെലവുകളുടെ അധികാരികത പരിശോധിക്കാൻ സാധിക്കാത്തതിനാൽ 3660 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-26 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല -21,81,149/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പ്രസ്തുത ചെലവ് തുകകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1)

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 49 | 50 |
| പേര് | എസ്.എസ്.കെ വിഹിതം (ജനറൽ) | എസ്.എസ്.കെ വിഹിതം (എസ്.സി) |
| അടങ്കൽ | 431495/- | 195000/- |
| ചെലവ് | 431495/- | 195000/- |

| ബിൽ നം. | 40/11.08.22 | 41/11.08.22 |
|---|---|---|

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | 02/23 |
| പേര് | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | 1444981/- |
| ചെലവ് | 1444800/- |

പ്രസ്തുത പദ്ധതിക്കായി ബിൽ നം 204/14.12.22-പ്രകാരം 1200000/- രൂപയും 363/17.03.2023 പ്രകാരം 244800/- രൂപയും കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

3)

| | |
|---|---|
| പ്രോജക്ട് നമ്പർ | 54/23 |
| പേര് | ഗതാഗതത്തിന് തടസ്സമായിനിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 200000/- |
| ചെലവ് | 200000/- |

ഗതാഗതത്തിന് തടസ്സമായി ഗ്രാമപഞ്ചായത്തിലെ റോഡരികിൽ നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി ആറ്റിങ്ങൽ-21784/-രൂപ (ബിൽ നം 230/23.12.2022/7904, ബിൽ നം. 251/11.01.2023-13880), കെ.എസ്.ഇ.ബി കല്ലമ്പലം-53941/- രൂപ (ബിൽ നം. 446/28.03.2023-10861, ബിൽ നം. 461/31.03.2023-43080), കെ.എസ്.ഇ.ബി വക്കം-124275/- രൂപ (ബിൽ നം. 45/23.08.2022-34129, ബിൽ നം. 204/15.12.2022-90146) എന്നിങ്ങനെ നൽകിയിരുന്നു. കെ.എസ്.ഇ.ബി വക്കത്തിന് നൽകിയ തുകയിൽ 90146/- രൂപയുടെ ധനവിനിയോഗസാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. മറ്റ് സെക്ഷനുകളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. 1,09,854/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നമ്പർ 23/08.2023, 27/11.08.2023) ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാൻ കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ, 21,81,149/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ധനവിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 ഉപയോഗശൂന്യമായ പൊതുടാപ്പുകൾക്ക് കുടിവെള്ളക്കരം ഒടുക്ക് വരുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0056/23 |
| പേര് | പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഒടുക്ക് |
| അടങ്കൽ | 700000/- രൂപ (തനത് ഫണ്ട്) |
| ചെലവ് | 520050/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പദ്ധതി പ്രകാരം 520050/- രൂപ ഉപയോഗശൂന്യമായ ടാപ്പുകളുടെ വെള്ളക്കരത്തിനായി ഉൾപ്പടെ ഒടുക്ക് വരുത്തിയിട്ടുണ്ട്. ഉപയോഗശൂന്യമായ പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും സംയുക്തമായി 22.12.2021, 07.02.2022 തീയതികളിൽ നടത്തിയ പരിശോധനയിൽ 151 പൊതുടാപ്പുകൾ പ്രവർത്തനക്ഷമമാണെന്നും അതിന്റെ ബിൽ തുക ഒടുക്കണമെന്നും റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ട് 22.06.2022 ൽ ചേർന്ന ഭരണസമിതി യോഗം പരിശോധിക്കുകയും 151 പൊതുടാപ്പുകളിൽ 63 എണ്ണം ഉപയോഗ ശൂന്യമാണെന്നും ആയത് റദ്ദ് ചെയ്യുന്നതിന് കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് 30.06.2022, 26.07.2022 തീയതികളിൽ സെക്രട്ടറിയും പ്രസിഡന്റും വാട്ടർ അതോറിറ്റിക്ക് കത്തുകൾ നൽകിയെങ്കിലും പ്രവർത്തനരഹിതമായ പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഉപയോഗശൂന്യമായ പൊതുടാപ്പുകൾ കട്ട് ചെയ്യുന്നതിനായി വാട്ടർ അതോറിറ്റിയുടെ 27.08.2022 തീയതിയിലെ 1290/2022 -ാം നമ്പർ എസ്റ്റിമേറ്റ് പ്രകാരം 139312 രൂപ ഭരണസമിതിയുടെ 05.09.22 തീയതിയിലെ 7(1) നം. തീരുമാന പ്രകാരം 27.09.2022 തീയതിയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട് (പ്രോജക്ട് നമ്പർ 182/23). തുടർന്നും ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള 151 ടാപ്പുകളുടെയും തുക തന്നെയാണ് ഒടുക്കിവരുന്നത്. ഉപയോഗശൂന്യമായ പൊതുടാപ്പുകൾ ഒഴിവാക്കുന്ന പ്രവൃത്തി പൂർത്തിയാകുന്നമുറയ്ക്ക് ആയത് ഒഴിവാക്കിയുള്ള ഡിമാന്റ് നോട്ടീസ് നൽകുന്നതാണെന്ന് വാട്ടർ അതോറിറ്റി

അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

63 പൊതുടാപ്പുകളുടെ കുടിവെള്ളത്തിന്റെ ബിൽ തുക ഒഴിവാക്കി നൽകുന്നതിന് പലപ്രാവശ്യം വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയെങ്കിലും ബില്ലിൽ കുറവ് വരുത്തിയില്ലെന്നും തുടർന്ന് പഞ്ചായത്ത് പ്രസിഡന്റ് നേരിട്ട് ആറ്റിങ്ങൽ വാട്ടർ അതോറിറ്റി ഓഫീസിൽ എത്തി അന്വേഷിച്ചപ്പോൾ ഉപയോഗശൂന്യമായ പൊതുടാപ്പുകൾ ഒഴിവാക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതായും അയത് പൂർത്തിയായെങ്കിൽ മാത്രമേ പൊതുടാപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തി ഡിമാന്റ് നോട്ടീസ് നൽകുവാൻ സാധിക്കുകയുള്ളു എന്ന വിവരമാണ് നൽകിയതെന്നുമാണ് വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് അന്വേഷണം നം. 04/08.08.2023). ഈ വിഷയം 19.01.2023 തീയതിയിൽ ചേർന്ന പഞ്ചായത്ത് ഭരണസമിതി പരിഗണിക്കുകയും 63 പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് ടി പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഒഴിവാക്കി ഡിമാന്റ് നോട്ടീസ് ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിയോട് ഇമെയിൽ മുഖാന്തിരം ആവശ്യപ്പെടുകയും ചെയ്തിരുന്നുവെങ്കിലും തുടർന്ന് ജനവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലേയും കുടിവെള്ള ബില്ലിൽ കുറവ് വരുത്തിയില്ലായെന്നും, എണ്ണം കുറവ് വരുത്തിയ ഡിമാന്റ് നോട്ടീസിനായി 10.03.2023 ൽ സെക്രട്ടറി ആറ്റിങ്ങൽ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയതായും ഏപ്രിൽ 2023 ലെ ബില്ല് ലഭ്യമായപ്പോൾ 58 ടാപ്പുകൾ ഒഴിവാക്കി 93 പൊതുടാപ്പുകളുടെ ബില്ലാണ് ലഭ്യമായതെന്നും 26.04.2023 ൽ ചേർന്ന ഭരണ സമിതി തീരുമാനപ്രകാരം 93 പൊതുടാപ്പുകൾ എന്ന ക്രമത്തിൽ തുക അടവാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തതായും അറിയിച്ചിട്ടുണ്ട്. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ അധിക തുകയും പലിശയും ഒഴിവാക്കി നൽകുന്നതിനും, ഒഴിവാക്കിയ ടാപ്പുകളുടെ വിശദ റിപ്പോർട്ടും 08.05.2023 ലെ എസ്.സി 1-112/24 നം. കത്ത് പ്രകാരം സെക്രട്ടറി ആറ്റിങ്ങൽ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടത് പ്രകാരം 03.07.23 ലെ വാട്ടർ അതോറിറ്റിയുടെ 190/23 നം. കത്ത് പ്രകാരം 02/23 മുതൽ 03/23 വരെയുള്ള ഫൈൻ ഉൾപ്പടെ 143883/-രൂപ 07/23 ലെ ഡിമാന്റ് ബില്ലിൽ കുറവ് വരുത്തുമെന്ന് അറിയിച്ചിട്ടുണ്ട് എന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

പഞ്ചായത്ത് സമിതി പരിശോധിച്ച് 63 പൊതുടാപ്പുകൾ ഉപയോഗശൂന്യമാണെന്ന് കണ്ടെത്തുകയും വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം അവ ഒഴിവാക്കുന്നതിനായി 139312/- രൂപ ഒടുക്കുവരുത്തിയിട്ടുള്ളതുമാണ്. എന്നാൽ 58 ടാപ്പുകൾ മാത്രമാണ് ഒഴിവാക്കിയിട്ടുള്ളത്. ആയതിനാൽ ഉപയോഗശൂന്യമായ 5 ടാപ്പുകൾക്ക് വീണ്ടും വെള്ളക്കരം ഒടുക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. ഉപയോഗശൂന്യമായ എല്ലാ ടാപ്പുകളും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വെള്ളക്കരം ഇനത്തിൽ അധിക തുക ഒടുക്കുവരുത്തുന്നത് ഒഴിവാക്കേണ്ടതാണ്. പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് അപേക്ഷ നൽകിയ തീയതി മുതലുള്ള തുക കുറവ് ചെയ്യുന്നതിന് വേണ്ടി വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 മറ്റൊരാളുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിൽ വ്യക്തിഗത ടോയിലറ്റ് നിർമ്മാണത്തിന് ധനസഹായം നൽകി

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | S0014/23 | |
| പേര് | വ്യക്തിഗത കക്കൂസ് നിർമ്മാണം | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്(ജനറൽ) | 272000 | 47600 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 960000 | 168000 |
| ആകെ | 1232000 | 215600 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ, സർക്കിൾ-2 | |

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട വ്യക്തിഗത ടോയിലറ്റ് നിർമ്മാണത്തിനായി ശ്രീമതി ഐഷാബീവി, ചരുവിളപുത്തൻ വീട്, പാലാംകോണം, ശ്രീമതി ബിജി .എസ്.ജെ, കല്ലറത്തോട്ടം എന്നിവർക്ക് 15400/- രൂപ വീതം നൽകിയിട്ടുണ്ട്. ഇതിൽ ശ്രീമതി ഐഷാബീവി നൽകിയിരിക്കുന്ന ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഷീജാബീവി ചരുവിളവീട്, കടമ്പറക്കോണം, പെരുംകുളം എന്ന പേരിലുള്ളതാണ്. ഐഷാബീവിയുടെ റേഷൻകാർഡിൽ ഷീജാബിവിയുടെ പേര് ഉൾപ്പെട്ടിട്ടും ഇല്ല. ശ്രീമതി ബിജി .എസ്.ജെ, കല്ലറത്തോട്ടംവീട് പെരുംകുളം നൽകിയിരിക്കുന്ന ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ശാന്ത, കല്ലറത്തോട്ടം, പെരുംകുളം എന്ന പേരിലുള്ളതാണ്. റേഷൻകാർഡിന്റെ പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വി ഇ ഒ യുമായി കരാറിൽ ഏർപ്പെട്ടിട്ടും ഇല്ല. ശ്രീമതി ഐഷാബീവി മകന്റെ ഭാര്യയായ ശ്രീമതി ഷീജാബീവിയുടെ വീട്ടിൽ സ്ഥിരതാമസ്സമാണെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് ആനുകൂല്യം നൽകിയതെന്നും ശ്രീമതി ബിജി .എസ്.ജെ യും കുടുബവും ഭർതൃമാതാവായ ശ്രീമതി ശാന്തയുടെ വീട്ടിലെ സ്ഥിരതാമസ്സക്കാരായതിനാലും, സ്ഥലപരിശോധനയിൽ ഈ വീട്ടിൽ ടോയിലറ്റ് ഇല്ലായെന്ന് നേരിട്ട് ബോധ്യപ്പെട്ടതിനാലുമാണ് ആനുകൂല്യം നൽകിയതെന്നാണ് വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് അന്വേഷണം നമ്പർ 44/16.08.2023ന്റെ മറുപടി).

ഉടമസ്ഥാവകാശസർട്ടിഫിക്കറ്റില്ലാതെ ആനുകൂല്യം നൽകുന്നത് ഒഴിവാക്കേണ്ടതാണ്. പദ്ധതിമാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതാണ്.

## 1-29 പാഥേയം - തുക ചെലവഴിക്കാതെ തിരിച്ചടച്ചു

അഗതികളും 60 വയസിന് മുകളിലുള്ളവരും ഒരു നേരത്തെ ആഹാരം പോലും ലഭ്യമാകാത്തവരുമായ വയോജനങ്ങൾക്ക് ഒരു നേരത്തെ പാകം ചെയ്ത ആഹാരം നല്കുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രോജക്ട് ആയിട്ടാണ് നടപ്പാക്കുന്നത്. നിർവ്വഹണം ജില്ലാ പഞ്ചായത്ത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0113/23 |
| പ്രോജക്ടിന്റെ പേര് | പാഥേയം ജനറൽ |
| അടങ്കൽ | 2,21,312/- (വികസനഫണ്ട് ജനറൽ) |
| ചെലവ് | 2,21,312/- |
| ബിൽ നമ്പർ | 166/26.11.22 |

| | |
|---|---|
| പ്രോജക്ട് നമ്പർ | S01213/23 |
| പ്രോജക്ടിന്റെ പേര് | പാഥേയം എസ്.സി.പി |
| അടങ്കൽ | 1,98,016/- (വികസനഫണ്ട് എസ്.സി.പി) |
| ചെലവ് | 1,98,016/- |
| ബിൽ നമ്പർ | 167/26.11.22 |

1) 2022-23 വർഷത്തെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 4,19,328/- രൂപ ജില്ലാപഞ്ചായത്തിന് കൈമാറി. 10.08.2023 ൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 24/11.08.2023ന്റെ മറുപടി).

2) ലഭ്യമാക്കിയ പാഥേയം രജിസ്റ്റർ പ്രകാരം, 2022-23 വർഷത്തെ വരവ് - ചെലവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | എസ്.സി.പി | ജനറൽ | ആകെ |
|---|---|---|---|
| മുന്നിരിപ്പ് | 1060052 | 511576 | 1571628 |
| വരവ് | 735856 | 746264 | 1482120 |
| ആകെ | 1795908 | 1257840 | 3053748 |
| ചെലവ് | 377480 | 446840 | 824320 |
| നീക്കിയിരിപ്പ് | 1418428 | 811000 | 2229428 |

പാഥേയം പ്രോജക്ടിനായി ലഭിക്കുന്ന തുക കുടുംബശ്രീയുടെ പൊതുവായ അക്കൌണ്ടിലാണ് വരവ് വയ്ക്കുന്നത് (നമ്പർ 076901000012203 ഐ.ഒ.ബി കവലയൂർ ബ്രാഞ്ച്). 31.03.2023 ലെ നീക്കിയിരിപ്പ് 22,29,428/- രൂപയാണ്. 31.05.2023 ൽ 15,71,628/- രൂപ തിരികെ ട്രഷറിയിൽ റീഫണ്ട് ചെയ്തിട്ടുണ്ട്. അവസാന നീക്കിയിരിപ്പ് (01.08.2023 ലേത്) 2,18,680/- രൂപയാണ്.

2018-19 മുതൽ 2021-22 വരെ ജില്ലാമിഷനിൽ നിന്നും അനുവദിച്ച വിഹിതത്തിൽ വിനിയോഗിക്കാത്ത തുക തിരികെ ഒടുക്കാൻ ജില്ലാ മിഷൻ 442/E1/2017/KSTVM നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതിനെ തുടർന്ന് 31.03.2022 വരെയുള്ള വിനിയോഗിക്കാത്ത തുക തിരിച്ചടച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട്.

ഇപ്രകാരം ലക്ഷക്കണക്കിന് രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്ന സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണ്. അഗതികളെ കണ്ടെത്തി കൃത്യമായ എണ്ണം ജില്ലാ പഞ്ചായത്തിന് കൈമാറി അതിനനുസൃതമായി ആനുപാതിക തുക അടങ്കൽ വെച്ച് ചെലവ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ശമ്പള പരിഷ്കരണം - ശമ്പള നിർണയത്തിന് ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ടില്ല.

സർവ്വീസ് ബുക്ക് പരിശോധനയിൽ, ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ, ചുവടെ ചേർക്കുന്ന ജീവനക്കാരുടെ 2019ലെ ശമ്പള പരിഷ്കരണത്തെ [സ.ഉ.(പി) നം. 27/2021/ഫിൻ തീയതി 10.02.2021 പ്രകാരമുള്ളത്] തുടർന്നുള്ള ശമ്പള നിർണയത്തിന് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ലായെന്ന് വ്യക്തമാകുന്നു.

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|

| | | |
|---|---|---|
| 1 | സലീന ബീവി.ഇ.ആർ. | ക്ലർക്ക് |
| 2 | ഷിബിൻ.എസ്. | ക്ലർക്ക് |
| 3 | ബിനു.എസ്. | അസിസ്റ്റന്റ് സെക്രട്ടറി |

ക്രമ നമ്പർ 1, 3 എന്നിവയിലെ ജീവനക്കാർ 2023 ലാണ് മണമ്പൂർ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചതെന്നും ശ്രീ. ബിനു.എസിന്റെ സേവന പുസ്തകത്തിൽ ചില സാങ്കേതിക പ്രശ്നങ്ങൾ ഉള്ളതിനാലാണ് അംഗീകാരത്തിന് നൽകാതിരുന്നതെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 37/14.08.2023ന്റെ മറുപടി).

ശമ്പള നിർണയത്തിന് ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0080/23 |
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 2,00,000/- (വികസന ഫണ്ട്) |
| ചെലവ് | 2,00,000/- |
| ബിൽ നമ്പർ | 113/03.11.2022 തുക 2,00,000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി മരുന്ന് പർച്ചേസിനായി 113/03.11.2022 ബിൽ നമ്പർ പ്രകാരം 2,00,00/- രൂപ ഹോംകോയ്ക്ക് അനുവദിച്ചിരുന്നു. എന്നാൽ LF-467 ഇൻവോയ്സ് പ്രകാരം 86,887/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന 1,13,113/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ അവശ്യ മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 05/08.08.2023). മരുന്നുകൾ പൂർണമായും ലഭ്യമാക്കിയതിനു ശേഷം വിവരം അറിയിക്കേണ്ടതാണ്.

## 1-32 ആസ്തി സംരക്ഷണ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ84/2022/തസ്വഭവ തീയതി 19.04.2022] ഖണ്ഡിക 6.8.1 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

ഖണ്ഡിക 6.8.1 പ്രകാരം സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യങ്ങളായ നിർദ്ദേശങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തുകളുടെ ഡിജിറ്റൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതാണ്. തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

അസറ്റ് രജിസ്റ്റർ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ38/14.08.2023ന് മറുപടിയായി രജിസ്റ്റർ വരും വർഷങ്ങളിൽ കാലികമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ സാങ്കേതികമായി തയ്യാറാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നെന്നും പ്രവൃത്തി പുരോഗമിക്കുന്നുവെന്നും അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 48/17.08.2023ന്റെ മറുപടി).

നടപടികൾ ഊർജ്ജിതപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 അങ്കണവാടി മെയിന്റനൻസ് - കരാറുകാരന്റെ മരണം പ്രവൃത്തി ഉപേക്ഷിക്കുന്നതിന് കാരണമായി.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0119/23 |
| പ്രോജക്റ്റിന്റെ പേര് | അങ്കണവാടി മെയിന്റനൻസ് |
| അടങ്കൽ | 11,84001/- (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | |

| | |
|---|---|
| കരാറുകാരൻ | അപ്പുക്കുട്ടൻ.പി.(10,03,390) |
| ബിൽ നമ്പർ | |
| ഭരണാനുമതി | 1(3)/27.07.2022 |
| സാങ്കേതികാനുമതി | 21110/2022-5-1-1 തീയതി 16.09.222 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

പൂവത്തുംമൂല അങ്കണവാടിയുടെ ചോർച്ച ഒഴിവാക്കുന്നതിന് ഷീറ്റ് റൂഫിംഗ് നടത്തുന്നതിനും പെരുംകുളം മഹിളാസമാജം അങ്കണവാടിയ്ക്ക് കട്ടകെട്ടി മഴവെള്ളം കയറുന്നത് ഒഴിവാക്കുന്നതിനും പയ്യൂർക്കോണം അങ്കണവാടിയ്ക്ക് ചുറ്റുമതിലിനും കരിമ്പുവിള അങ്കണവാടിയുടെ ചോർച്ച ഒഴിവാക്കുന്നതിനുമായി തയ്യാറാക്കിയ പ്രോജക്ട്.

പെരുംകുളം മഹിളാസമാജം അങ്കണവാടിയിൽ മഴവെള്ളം കയറി കൂടുതൽ പ്രശ്നമുണ്ടായതിനാലും കൊടിളുക്കിക്കുന്ന് അങ്കണവാടിയുടെ ഭിത്തിക്ക് പൊട്ടൽ ഉണ്ടായതിനാലും ഭരണസമിതിയുടെ 2(2)/02.03.2023-ാം നമ്പർ തീരുമാനപ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

സാങ്കേതികാനുമതി പത്രം അനുസരിച്ച്, പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 9 മാസമാണ്. പ്രവൃത്തി ആരംഭിച്ചത് 09.11.2022ലാണ്. നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചില്ല.

കരാറുകാരൻ മരണപ്പെട്ടതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 28/14.08.2023ന്റെ മറുപടി). പൂവത്തുംമൂല അങ്കണവാടിയിൽ ഷീറ്റ് റൂഫിംഗ് നടത്തി വശങ്ങളിൽ ഗ്രിൽ സ്ഥാപിക്കുകയും വെട്ടുകാട് അങ്കണവാടിയിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-34 കശുമാവ് വികസനം - മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചതിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

പദ്ധതി നമ്പർ : 127
പദ്ധതിയുടെ പേര് : കശുമാവ് വികസനം
അടങ്കൽ തുക : 50,000/-
ചെലവ് തുക : 50,000/-
ഫണ്ടിനം : വികസന ഫണ്ട്
ബിൽ നമ്പർ : 163/24.11.2022

സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ. തീയതി 28.05.2022 ഖണ്ഡിക 6.1(22) പ്രകാരം കശുമാവ് കൃഷി (തൈ വിതരണം) പ്രോജക്ടിനായി, കാഷ്യൂ കോർപ്പറേഷനിൽ നിന്നും സൗജന്യമായി തൈകൾ ലഭിക്കുന്നില്ലെങ്കിൽ മാത്രം തൈകൾ വാങ്ങുന്നതിന് പ്രോജക്ട് എടുക്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മേൽ പദ്ധതിയിൽ ജില്ലാ കാർഷിക ഫാം, അഞ്ചലിൽ നിന്നും 1250 എണ്ണം കാഷ്യൂ ഗ്രാഫ്റ്റുകൾ 50,000/- രൂപയ്ക്ക് വാങ്ങി. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി മറ്റ് ഏജൻസികളിൽ അന്വേഷണം നടത്തിയെങ്കിലും മികച്ചയിനം ഗ്രാഫ്റ്റ് ചെയ്ത കശുമാവ് തൈകൾ ലഭ്യമായില്ലെന്ന് അറിയിച്ചു. എന്നാൽ ഇതിനെ സാധൂകരിക്കുന്ന രേഖകളൊന്നും ഹാജരാക്കുകയുണ്ടായില്ല. മാർഗ്ഗരേഖ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രോജക്ടുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 ഹരിത ഭവനം- പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല

പദ്ധതിയുടെ പേര്: ഹരിത ഭവനം
അടങ്കൽ തുക:229400/-
ചെലവ് തുക:74850/-
(വികസന ഫണ്ട് : 35,000/-, ജില്ലാ പഞ്ചായത്ത് : 35,000/- മറ്റുള്ളവ : 4,850/-)
ഫണ്ടിനം: വികസന ഫണ്ട്
ബിൽ നമ്പർ : 421/28.03.2023:35,000/-

സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ. തീയതി 28.05.2022 പ്രകാരം മാർഗ്ഗരേഖയിലെ അനുബന്ധം - 1 പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് നിഷ്കർഷിക്കുന്നു. എന്നാൽ, മണമ്പൂർ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ ലക്ഷ്യം വിദേശ ഫലവൃക്ഷങ്ങളുടെ (വിയറ്റ്നാം ഏർലി പ്ലാവ്, മാംഗോസ്റ്റിൻ, അബിയു, ഗ്രാഫ്റ്റ് മാവ്) ലഭ്യത ഉറപ്പ് വരുത്തുന്നതിനായിരുന്നു. ഇൻവോയ്സ് നമ്പർ എസ്ഇയുഎഫ്/റ്റിവിഎം/ഐഎൻവി/22-23/25 തീയതി 06.03.2023 പ്രകാരം അഞ്ച് ബയോബിന്നുകൾ, 'കെയ്കോ'യിൽ നിന്നും ഇൻവോയ്സ് നമ്പർ ക്യു-1315/2022-23 തീയതി 01.03.2023 പ്രകാരം മുരിങ്ങ, ചതുര പയർ, അഗസ്തി, കറിവേപ്പില, നെല്ലിക്ക, പപ്പായ തുടങ്ങിയവയുടെ തൈകളാണ്

വാങ്ങിയിരിക്കുന്നത്. മാർഗ്ഗരേഖയിലെ അനുബന്ധം - 1 പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. പ്രസ്തുത വിഷയത്തിന് വ്യക്തമായ വിശദീകരണം നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയില്ല.(ഓഡിറ്റ് അന്വേഷണം നമ്പർ 16/09.08.2023)

### 1-36 ലൈഫ് ഭവന പദ്ധതി-ഗുണഭോക്താക്കൾ വീട് പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ഭവന നിർമ്മാണത്തിനായി ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള വിവിധ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നിലവിൽ കൈപ്പറ്റിയ തുക | നിലവിലെ അവസ്ഥ | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| സുനിത, മുനികുന്ന് ലക്ഷം വീട് | 300000 | റൂഫ് | 23/11/2021 |
| സനൂജ, മൻസില മൻസിൽ | 200000 | ലിന്റൽ | 23/03/2021 |
| വിജയ കുമാരി, കാഞ്ഞിരത്തിൽ വീട് | 40000 | പണി തുടങ്ങിയിട്ടില്ല | 23/03/2021 |
| സുമതി, വിളയിൽ വീട് | 40000 | പണി തുടങ്ങിയിട്ടില്ല | 23/03/2021 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 51/17.08.2023) തുക കൈപ്പറ്റി ഇതുവരെയും നിർമ്മാണം തുടങ്ങാത്തവരിൽ നിന്നും നൽകിയ തുക പിഴപ്പലിശയുൾപ്പടെ ഈടാക്കുന്നതിനും, പണി പൂർത്തീകരിക്കാത്തവർ എത്രയും വേഗം നിർമ്മാണം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കും എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ ചമച്ച കരാർ പത്രികയിലെ വ്യവസ്ഥ 4 പ്രകാരം കരാറിൽ ഏർപ്പെട്ട് ആറ് മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ട് എന്ന് നിർവ്വഹണ അധികാരിയും, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണ സമിതിയും ഉറപ്പാക്കേണ്ടതുണ്ട്. തുക കൈപ്പറ്റിയതിനു ശേഷം ഇതുവരെയും നിർമ്മാണം തുടങ്ങാത്ത ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക പിഴപലിശ സഹിതം ഈടാക്കുന്നതിനും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവർ എത്രയും വേഗം നിർമ്മാണം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 280500 | കേദാരം നെൽകൃഷി വികസനം | 280500 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 0 | 200000 | പാലിയേറ്റീവ് കെയർ പദ്ധതി | 200000 | 0 |
| | | 0 | 100000 | അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ | 100000 | 0 |
| | | 0 | 40000 | ലക്ഷം വീട് - ന്യൂ ലൈഫ് | 40000 | 0 |
| | | 0 | 171000 | സ്നേഹ സ്പർശം - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 171000 | 0 |
| | | 0 | 500000 | അങ്കണവാടി പോഷകാഹാരം (ജനറൽ) | 500000 | 0 |
| | | 0 | 1190000 | ലൈഫ് ഭവന പദ്ധതി ജനറൽ | 1190000 | 0 |
| | | 0 | 600000 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 600000 | 0 |
| | | 0 | 300000 | ക്ഷീര സമൃദ്ധി | 300000 | 0 |
| | | 280500 | | മുൻവർഷത്തെ പ്രോജക്ടുകൾ | | |
| ആകെ | | 280500 | 3381500 | | 3381500 | 280500 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 35000 | ഹരിത ഭവനം | 35000 | 0 |
| | | 0 | 280500 | കേദാരം നെൽകൃഷി വികസനം | 280500 | 0 |
| | | 0 | 840000 | ലൈഫ് 2020 | 840000 | 0 |
| | | 0 | 171000 | സ്നേഹ സ്പർശം | 171000 | 0 |
| | | 0 | 590000 | ലൈഫ് ഭവന പദ്ധതി ജനറൽ | 590000 | 0 |
| | | 0 | 39366 | ലക്ഷം വീട് - ന്യൂ ലൈഫ് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 39366 | 0 |
| | | 0 | 800000 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 800000 | 0 |
| | | 0 | 180768 | ക്ഷീര സമൃദ്ധി | 180768 | |
| ആകെ | | | 2936634 | | 2936634 | |

<u>വാർഷിക ധനകാര്യ പത്രിക പ്രകാരം</u>

| | 2021-22 B-4, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് +തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 280500 | 3381500 | 3662000 | 3381500 | 280500 | 280500 |

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 2936634 | 2936634 | 2936634 | 0 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 54/23 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 200000 | - | 200000 |
| കേരള വാട്ടർ അതോറിറ്റി | 2/23 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1444800 | - | 1444800 |
| | 182/23 ഉപയോഗ ശൂന്യമായ പൊതുടാപ്പുകൾ കട്ട് ചെയ്യുന്നതിനുള്ള വിഹിതം നൽകൽ | 139312 | - | 139312 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 2588984 | 200000 | 2788984 | 512300 | 2276684 | 2328098 |
| കേരള വാട്ടർ അതോറിറ്റി | 1,520,000 | 1584112 | 3104112 | 1322500 | 1781612 | 1781612 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 3300000 | 0 | 3300000 | - | 3300000 | 3300000 |

കെ.എസ്.ഇ.ബി യ്ക്ക് മുൻകൂർ നൽകിയ തുകകളിൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുകയും ബന്ധപ്പെട്ട ലെഡ്ജർ പ്രകാരമുള്ള തുകയും തമ്മിൽ വ്യത്യാസം കാണുന്നു.

| നിർവഹണ ഏജൻസി | മുൻകൂർ നൽകിയ തുക | |
|---|---|---|
| | സുലേഖ ചെലവ് പത്രിക പ്രകാരം | ലെഡ്ജർ പ്രകാരം (ഹെഡ് കോഡ് - 460500202) |
| കെ.എസ്.ഇ.ബി | 200000 | 251414 |

17.05.2022 തീയതിയിൽ 453/- രൂപയും 21.05.2022 തീയതിയിൽ 50961/- രൂപയും (ആകെ - 51414/- രൂപ) തനത് ഫണ്ടിൽ നിന്നും പോസ്റ്റ് ഷിഫ്റ്റിംഗിനായി ഡെപ്പോസിറ്റ് ചെയ്തത് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്താത്തതാണ് വ്യത്യാസത്തിന്റെ കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 33/14.08.2023 ന്റെ മറുപടി)

ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് മുൻകൂർ ആയി നൽകിയ 3300000/- രൂപ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ക്രമീകരിക്കാതെ അവശേഷിക്കുന്നു. പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ |
|---|---|---|---|---|---|

| | | | | | പ്രകാരം) |
|---|---|---|---|---|---|
| KURDFC | ജി.ഒ.(എം.എസ്)68/18 തീയതി 15.05.2018 | 15088000 | 2750000 | 2278680 | 15559320 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രസീത് നം./തീയതി |
|---|---|---|---|---|---|
| 1 | 2020-21 | 1-28 | 4693 | ഹെഡ് മാസ്റ്റർ, കുളമുട്ടം എൽ.പി.എസ് | 1220101137/03.09.2022 |
| 2 | 2016-17 | 2-1 | 2500 | ബി.എസ്.എൻ.എൽ | 1220101156/13.09.2022 |
| 3 | 2010-11 | 3-6 | 3743 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 1220101157/13.09.2022 |
| 4 | 2010-11 | 3-7 | 520 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 1220101163/13.09.2022 |
| 5 | 2010-11 | 2-1 | 2500 | ബി.എസ്.എൻ.എൽ | 1220101164/13.09.2022 |
| 6 | 2012-13 | 2-1-2 | 2500 | മാനേജർ, മാവേലി സ്റ്റോർ | 1220101167/13.09.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-10 | 2009-10 | 3-10 | പുളിയിക്കച്ചിറ കുടിവെള്ള പദ്ധതി | |
| 2009-10 | 3-7-1 | 2009-10 | 3-7-1 | പുളിയിക്കച്ചിറ കുടിവെള്ള പദ്ധതി | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 17313102 |
| ഓഡിറ്റ് വർഷത്തെ വരവ് | 73414355 |
| ആകെ | 90727457 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 64695575 |
| നീക്കിയിരിപ്പ് | 26031882 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,84,809 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-25 | 3660 | ശ്രീമതി ശ്രീലേഖ.എൽ.എച്ച്., സെക്രട്ടറി |
| 1-26 | 2181149 | ശ്രീമതി ശ്രീലേഖ.എൽ.എച്ച്., സെക്രട്ടറി (626495)<br>ശ്രീ. ബിജുകുമാർ.എം, സെക്രട്ടറി (1554654) |
| ആകെ | 2184809 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ശ്രീലേഖ.എൽ.എച്ച്., സെക്രട്ടറി | സെക്രട്ടറി, ഒറ്റൂർ ഗ്രാമപഞ്ചായത്ത് | ശ്രീനിലയം, പാളയംകുന്ന് (പി.ഒ) |
| ശ്രീ. ബിജുകുമാർ.എം, സെക്രട്ടറി | സെക്രട്ടറി, മണമ്പൂർ ഗ്രാമപഞ്ചായത്ത് | രാജമംഗലം, മതിര.പി.ഒ. കടയ്ക്കൽ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/387/2022 തീയതി. 25.10.2022 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/387/2022 തീയതി. 25.10.2022 | 1 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/328/19 തീയതി. 12.11.19 | 23 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/496/20 തീയതി. 04.05.20 | 21 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/703/21 തീയതി. 09.04.2021 | 57 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1016/22 തീയതി. 30.06.2022 | 40 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/272/2023 തീയതി. 21.03.2023 | 27 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 10(1) dated 15-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Manamboor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Manamboor Grama Panchayat for the year 2022-2023

Date: 13/10/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Manamboor Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non disclosure of liability

The amount received as audit recovery is not remitted to concerned fund. The said amount is not included as liability in the Annual Financial Statement.

**2.Other Observations**

1. The financial ratios, notes to accounts are not submitted for audit
2. B-1 Shedule (Adjusted performance for the current year) has not been submitted with the annual financial statement.
3. The valuation of stock and stores are not done at the end of the financial year and also not included in B-14 Stock in hand (inventories) schedule.

4.Depreciation not provided for certain fixed assets.

5. Amounts under the liability head are not refunded to the respective funds.

6. Amount used for asset creation using CFC tied grant account not transfered to Capital Contribution and treated as revenue income.

7. Details of accounts opened for Vathilpadi Sevanam is not included in Annual Financial Statement.

8. Misclassification of Receipt Voucher . The amount received as professional tax from a contractor is wrongly entered as Receivables for profession Tax Institutions (current) instead of Receivables for profession Tax professionals (current).

9. The amount given as part bill for capital work is not included in Capital Work in Progress Schedule( B-11(b))

10) Property Tax Demand Collection, Balance - Mismatch between Sanchaya and annual financial statement.

11) Monthly Bank Reconciliation statement not prepared for Treasury -SGRY (115) account.

12). Stock register and loan register are not kept up to date.

13)Lack of authenticated journal vouchers for supporting the adjustment entries recorded in prior period items.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്